TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY
01



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 01 FEBRUARY 2026

## Kerala

- രാജ്യത്താദ്യമായി ഫൈബർ ഗ്ലാസ് സൗരതൂക്ക് വേലി പ്രവർത്തനസജ്ജമാകുന്നത്

  **കനോലി ഇക്കോ ടൂറിസം കേന്ദ്രം** (നിലമ്പൂർ)

- വന്യമൃഗശല്യം തടയാൻ 2 പതിറ്റാണ്ടായി വനംവകുപ്പിനും കർഷകർക്കും സൗരോർജ വൈദ്യുത വേലി നിർമിച്ചു നൽകുന്ന സാംസണിന്റെ ആശയമാണ് ഫൈബർ ഗ്ലാസ് വേലി.

## National

- സമർഥ് (SAMARTH) പഞ്ചായത്ത് പോർട്ടൽ വഴി പ്രോപ്പർട്ടി ടാക്സ് ശേഖരിച്ച രാജ്യത്തെ ആദ്യ ജില്ല

  **ധംതാരി** (Dhamtari), ഛത്തീസ്ഗഢ്

  - ധംതാരി ജില്ലയിലെ നാഗരി (Nagri) ബ്ലോക്കിലുള്ള ശങ്കര (Sankara) ഗ്രാമപഞ്ചായത്തിലാണ് ഈ പദ്ധതി ആദ്യമായി ഉദ്ഘാടനം ചെയ്തത്.
  - ഗ്രാമപഞ്ചായത്തുകളെ ഡിജിറ്റലൈസ് ചെയ്യുന്നതിനും സാമ്പത്തികമായി സ്വയംപര്യാപ്ത മാക്കുന്നതിനുമായി കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം ആവിഷ്കരിച്ച ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് 'സമർത്ഥ്'.

- മേഘാലയയിലെ ലിവിങ് റൂട്ട് ബ്രിഡ്ജസ് യുനെസ്കോ പൈതൃക പട്ടികയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ടു.
  - മേഘാലയയിലെ ജീവനുള്ള വേരുകൾ കൊണ്ട് നിർമ്മിച്ച പാലങ്ങളെ (പ്രാദേശികമായി "Jingkieng Jri" എന്ന് വിളിക്കുന്നു) 2026-27 കാലയളവിലേക്കുള്ള പട്ടികയിലേക്കാണ് നിർദ്ദേശം സമർപ്പിച്ചിരിക്കുന്നത്.
  - ഈ ജീവനുള്ള വേരു പാലങ്ങളെ സംരക്ഷിക്കുന്നതിൽ വലിയ പങ്ക് വഹിച്ച മേഘാലയ സ്വദേശിയായ ഹേലി വാർ ന് രാജ്യം 2026 ജനുവരിയിൽ പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചിരുന്നു
  - പ്രകൃതിദത്തമായ ഈ അത്ഭുതങ്ങളെ വരും തലമുറയ്ക്കായി കാത്തുസൂക്ഷിച്ചതിനാണ് ഈ അംഗീകാരം.
  - ഖാസി, ജയന്തിയ കുന്നുകളിൽ വ്യാപിച്ചുകിടക്കുന്നു

- 2026 ഇന്ത്യ എ.ഐ. ഇംപാക്ട് ഉച്ചകോടിയുടെ വേദി

  **ന്യൂഡൽഹി**

- ആർത്തവ കാലത്തെ ആരോഗ്യം മൗലികാവകാശം എന്ന് പ്രസ്താവിച്ച കോടതി

  **സുപ്രീംകോടതി**

  - ഭരണഘടന ഉറപ്പുനൽകുന്ന ജീവിക്കാനുള്ള അവകാശത്തിന്റെ (ആർട്ടിക്കിൾ 21) ഭാഗമാണ് അതെന്നും ആർത്തവ സമയത്ത് ആരോഗ്യ സുരക്ഷിതത്വം ഉറപ്പാക്കുന്ന ഉൽപന്നങ്ങൾ ലഭിക്കേണ്ടതും മൗലകാവകാശമാണെന്നും സുപ്രീംകോടതി പറഞ്ഞു.

- ചോള കാലഘട്ടത്തിലെ 3 ശിൽപങ്ങൾ ഇന്ത്യക്ക് തിരികെ നൽകാനൊരുങ്ങി യു.എസ്. മ്യൂസിയം
  - തമിഴ്നാട്ടിൽനിന്നു മോഷ്ടിക്കപ്പെട്ട മൂന്ന് വെങ്കലശിൽപങ്ങൾ ഇന്ത്യക്ക് തിരികെ നൽകുമെന്ന് അറിയിച്ച് സ്മിത്ത്സോണിയൻ നാഷണൽ മ്യൂസിയം ഓഫ് ഏഷ്യൻ ആർട്ട്.
  - ഇന്ത്യൻ ക്ഷേത്രങ്ങളിൽ നിന്ന് നിയമവിരുദ്ധമായി കടത്തിക്കൊണ്ടു പോയതാണ് ചോള കാലഘട്ടത്തിൽ നിർമ്മിച്ച ഈ ശിൽപങ്ങളെന്ന് തെളിഞ്ഞതിനെ തുടർന്നാണ് മ്യൂസിയത്തിന്റെ തീരുമാനം.
  - ശിവ നടരാജ, സോമസ്കന്ദ, പറവൈയോടൊപ്പമുള്ള സ്വാമി സുന്ദരർ എന്നീ ശില്പങ്ങളാണ് തിരികെ നൽകുന്നത്
- ഇന്ത്യയിലെ ആദ്യത്തെ സംയോജിത സ്വകാര്യ ഉപഗ്രഹ പ്ലാന്റ് നിലവിൽ വരുന്നത്

  **ഗുജറാത്ത്** (സാനന്ദ്)
  - 'പാൽമ്നാരോ' പ്ലാന്റ് എന്നറിയപ്പെടുന്ന ഈ സൗകര്യം, സ്വകാര്യ മേഖലയിലെ ഉപഗ്രഹ ങ്ങളുടെയും നൂതന ഒപ്റ്റിക്കൽ പേലോഡുകളുടെയും തദ്ദേശീയ നിർമ്മാണത്തിനുള്ള ഒരു പ്രധാന കേന്ദ്രമായി മാറാൻ ഒരുങ്ങുന്നു.

## International

- അടുത്തിടെ തായ്‌വാൻ തദ്ദേശീയമായി നിർമ്മിച്ച് കടലിനടിയിലെ പരീക്ഷണം പൂർത്തിയാക്കിയ അന്തർവാഹിനി

  **Narwhal**
  - അമേരിക്കയുടെയും യു.കെ.യുടെയും സാങ്കേതിക സഹായത്തോടെയാണ് തായ്‌വാൻ സ്വന്തമായി അന്തർവാഹിനികൾ നിർമ്മിക്കുന്നത്
- 2026 ജനുവരിയിൽ ലോകാരോഗ്യ സംഘടനയിൽ നിന്ന് ഔദ്യോഗികമായി പിന്മാറിയ രാജ്യം

  **യു.എസ്.എ**
  - ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച്, ആഗോള ആരോഗ്യ ഏജൻസിക്ക് യു.എസ് 130 മില്യൺ ഡോളറിലധികം കടപ്പെട്ടിരിക്കുന്നു.

## Demise

- 2026 ജനുവരിയിൽ അന്തരിച്ച കനേഡിയൻ-അമേരിക്കൻ നടി

  **Catherine O'Hara**
  - Home Alone, Best in Show , A Mighty Wind, After Hours എന്നിവ പ്രധാന സിനിമകളാണ്

## Today's MCQ

1. അടുത്തിടെ ഗിഗ് വർക്കർ വെൽഫെയർ ഡെവലപ്പ്മെന്റ് ബോർഡ് രൂപീകരിച്ച സംസ്ഥാനം ?

   (a) ഗുജറാത്ത് (b) കർണാടക

   (c) മഹാരാഷ്ട്ര (d) ഉത്തർപ്രദേശ്
2. അടുത്തിടെ റെവല്യൂഷനറി ഗാർഡിനെ തീവ്രവാദ സംഘടനയായി പ്രഖ്യാപിച്ചത്?

   (a) ആഫ്രിക്കൻ യൂണിയൻ (b) നാറ്റോ

   (c) ആസിയാൻ (d) യൂറോപ്യൻ യൂണിയൻ

**Ans : 1. (b), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY
02-03



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 02, 03 FEBRUARY 2026

## Important event

- ലോക തണ്ണീർത്തട ദിനം - **ഫെബ്രുവരി 2**
  - ലോകമെമ്പാടുമുള്ള തണ്ണീർത്തടങ്ങളുടെ ദ്രുതഗതിയിലുള്ള നഷ്ടം പരിഹരിക്കേണ്ടതിന്റെ അടിയന്തര ആവശ്യകത എടുത്തുകാണിക്കുന്നതിനായി എല്ലാ വർഷവും ഫെബ്രുവരി 2 ലോക തണ്ണീർത്തട ദിനമായി ആചരിക്കുന്നു
  - 2026-ലെ പ്രമേയം - **Wetlands and traditional knowledge: Celebrating cultural heritage**

## Appointment

- മഹാരാഷ്ട്രയുടെ ആദ്യ വനിതാ ഉപമുഖ്യമന്ത്രി

  **സുനേത്ര പവാർ**
  - വിമാനാപകടത്തിൽ അന്തരിച്ച അജിത് പവാറിന്റെ ഭാര്യയാണ് സുനേത്ര പവാർ

## Kerala

- കേരള സർക്കാർ അടുത്തിടെ സംസ്ഥാന സവിശേഷ ദുരന്തമായി (State Specific Disaster) പ്രഖ്യാപിച്ച പ്രകൃതി പ്രതിഭാസം

  **കടലാക്രമണം**
  - വേലിയേറ്റസമയത്തെ അതിരും കടന്ന് കരയിലേക്ക് കയറുന്ന തിരമാലയും അതുമൂലമുണ്ടാകുന്ന വെള്ളപ്പൊക്കവും കാരണം ജീവനും സ്വത്തിനും ജീവനോപാധികൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങളെയാണ് കടലേറ്റ ദുരന്തമായി നിർവചിച്ചിട്ടുള്ളത്
  - സാധാരണ മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കം പ്രകൃതിദുരന്തമായി കണക്കാക്കി സഹായം ലഭിക്കാറുണ്ട്. എന്നാൽ മഴയില്ലാത്ത സമയങ്ങളിൽ പോലും വേലിയേറ്റം മൂലം ഉണ്ടാകുന്ന കടൽക്ഷോഭങ്ങൾക്ക് (High Tide Flooding) സാങ്കേതികമായി ദുരന്തനിവാരണ ഫണ്ടിൽ നിന്ന് സഹായം നൽകാൻ തടസ്സങ്ങളുണ്ടായിരുന്നു. ഈ തടസ്സം നീക്കാനാണ് പുതിയ ഉത്തരവ്.
- കേരളത്തിൽ ഗ്ലോബൽ കാപ്പബിലിറ്റി സെന്ററുകൾ (GCC) സ്ഥാപിതമാകുന്നത്

  **കൊച്ചി, തിരുവനന്തപുരം**
  - ദാവോസിൽ അടുത്തിടെ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിലാണ് തീരുമാനമെടുത്തത്
  - വ്യവസായ മന്ത്രി - **പി. രാജീവ്**
- 38-ാമത് കേരള ശാസ്ത്ര കോൺഗ്രസ് വേദി

  **കൊച്ചി**

## National

- 2026 ജനുവരിയിൽ റാംസർ സൈറ്റിൽ ഉൾപ്പെട്ട ഇന്ത്യയിൽ നിന്നുള്ള പ്രദേശങ്ങൾ

  **പട്ന പക്ഷിസങ്കേതം** (ഉത്തർപ്രദേശ്)

  **ഛരിധണ്ട്** (ഗുജറാത്ത്)
  - ഇന്ത്യയിലെ തണ്ണീർത്തടങ്ങളുടെ ആകെ എണ്ണം 98 ആയി
  - ഇന്ത്യയിൽ ഏറ്റവും കൂടുതൽ റംസാർ സൈറ്റുകൾ - **തമിഴ്നാട്**

- സംസ്ഥാനത്തെ നഗര-ഗ്രാമ വികസന വിടവ് നികത്തുന്നതിനായി മുഖ്യമന്ത്രി ഗ്രാമോത്ഥാൻ യോജന ആരംഭിച്ചത്

**ഗുജറാത്ത്**

❖ ഗ്രാമപ്രദേശങ്ങളിൽ ആധുനിക അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിനും, ഗ്രാമീണരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും, സമഗ്രമായ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും ഈ സംരംഭം ലക്ഷ്യമിടുന്നു.

❖ ഗുജറാത്ത് മുഖ്യമന്ത്രി - **ഭൂപേന്ദ്ര പട്ടേൽ**

- രാജ്യത്തെ ആദ്യത്തെ എൽ.എൻ.ജി. ഡീസൽ ഇരട്ട ഇന്ധന ഡെമു ട്രെയിൻ പ്രവർത്തനം ആരംഭിച്ചത്

**അഹമ്മദാബാദ്**

❖ ഡീസൽ ഉപഭോഗത്തിന്റെ ഏകദേശം 40 ശതമാനം മാറ്റിസ്ഥാപിക്കുന്നതിന് ദ്രവീകൃത പ്രകൃതി വാതകം (എൽഎൻജി) ഉപയോഗിച്ച് ഇരട്ട ഇന്ധന സംവിധാനത്തിലേക്ക് പരിവർത്തനം ചെയ്തു.

- 2025-ലെ ഇന്ത്യൻ ബോക്സോഫീസ് റിപ്പോർട്ട് പ്രകാരം, 950 കോടി രൂപ നേടി ഇന്ത്യയിൽ ഏറ്റവുമധികം കളക്ഷൻ നേടിയ ചിത്രം

**ധുരന്തർ**

❖ രൺവീർ സിംഗിനെ നായകനാക്കി ആദിത്യ ധർ സംവിധാനം ചെയ്ത സ്പൈ ത്രില്ലർ ചിത്രമാണിത്.

❖ ഇന്ത്യൻ ബോക്സോഫീസ് ചരിത്രത്തിൽ ആദ്യമായി 13,000 കോടി എന്ന നാഴികക്കല്ല് പിന്നിട്ടു.

## Sports

**ഓസ്ട്രേലിയൻ ഓപ്പൺ 2026**

❖ പുരുഷ സിംഗിൾസ് - **കാർലോസ് അൽകാരസ്** (സ്പെയിൻ)
(ആദ്യ ഓസ്ട്രേലിയൻ ഓപ്പൺ കിരീടം നേടി, അൽകാരസ് കരിയർ ഗ്രാൻഡ്സ്ലാം പൂർത്തിയാക്കി)

❖ വനിതാ സിംഗിൾസ് - **Elena Rybakina** (കസാഖിസ്ഥാൻ) (രണ്ടാമത്തെ ഗ്രാൻഡ്സ്ലാം കിരീടം)

❖ പുരുഷ ഡബിൾസ് - **Christian Harrison & Neal Skupski**

❖ വനിതാ ഡബിൾസ് - **Elise Mertens & Zhang Shuai**

❖ മിക്സഡ് ഡബിൾസ് - **Olivia Gadecki & John Peers** (37 വർഷത്തെ ഇടവേളയ്ക്ക് ശേഷം ഓസ്ട്രേലിയൻ ഓപ്പൺ മിക്സഡ് ഡബിൾസ് കിരീടം തുടർച്ചയായി രണ്ടാം തവണയും നേടി ചരിത്രം കുറിച്ച സഖ്യം)

❖ ഓസ്ട്രേലിയൻ ഓപ്പണിൽ ഏറ്റവുമധികം മത്സരങ്ങൾ വിജയിച്ച താരമെന്ന റെക്കോർഡ് സ്വന്തമാക്കിയത് - **നൊവാക് ജോക്കോവിച്ച്**

## Today's MCQ

1. 2026 ഇന്ത്യ എ.ഐ. ഇംപാക്ട് ഉച്ചകോടിയുടെ വേദി

   (a) മുംബൈ (b) പൂനെ

   (c) **ന്യൂഡൽഹി** (d) ബംഗളൂരു

2. സമർഥ് (SAMARTH) പഞ്ചായത്ത് പോർട്ടൽ വഴി പ്രോപ്പർട്ടി ടാക്സ് ശേഖരിച്ച രാജ്യത്തെ ആദ്യ ജില്ല

   (a) ധംതാരി (b) ഗാന്ധിനഗർ

   (c) നാഗ്പൂർ (d) വിജയനഗര


**Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY
04



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW
veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 04 FEBRUARY 2026

## Awards

- **2026 Grammy Awards**
  - Song of the year - **Wildflower** (Artist - **Billie Eilish**)
  - Record of the year - **Kendrick Lamar & SZA** (Solána Imani Rowe) - (Song- **Luther**)
  - Album of the year - **Bad Bunny** (Benito Antonio Martínez Ocasio) -(Album - Debí Tirar Más Fotos )
  - Best new artist - **Olivia Dean**
  - മികച്ച ഓഡിയോ ബുക്ക്, നറേഷൻ, സ്റ്റോറി ടെല്ലിങ് ആൻഡ് റെക്കോർഡിങ് വിഭാഗത്തിൽ ദലൈലാമയും പുരസ്കാരം സ്വന്തമാക്കി
- 2026-ലെ ക്രാഫോർഡ് പ്രൈസ് ജേതാവ്

**വീരഭദ്രൻ രാമനാഥൻ**

  - പ്രശസ്ത കാലാവസ്ഥാ ശാസ്ത്രജ്ഞനും ഇന്ത്യൻ വംശജനുമാണ് ഇദ്ദേഹം
  - റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസസാണ് ഈ പുരസ്കാരം പ്രഖ്യാപിച്ചത്.
  - ഭൗമശാസ്ത്രത്തിലെ നൊബേൽ എന്ന് വിശേഷിപ്പിക്കപ്പെടുന്നതാണ് ക്രാഫോർഡ് പ്രൈസ്.
  - അന്തരീക്ഷത്തിലെ ബ്രൗൺ ക്ലൗഡുകളെയും മലിനീകരണ വസ്തുക്കളെക്കുറിച്ചും രാമനാഥൻ നടത്തിയ ഗവേഷണങ്ങൾക്കുള്ള അംഗീകാരമാണിത്

## Science & Tech

- അടുത്തിടെ തിരുവനന്തപുരം സർക്കാർ വനിതാ കോളേജ് വളപ്പിൽ നിന്ന് കണ്ടെത്തിയ മരങ്ങളുടെ നാശത്തിനു കാരണമാകുന്ന പുതിയ ഒരു ഫംഗസ്

**ഫുൾവിഫോംസ് സിയമെൻസിസ്**

  - ഇന്ത്യയിൽ ആദ്യമായാണ് ഈ ഫംഗസിനെ കണ്ടെത്തുന്നത്.
  - ഇതിന് മുൻപ് തായ്‌ലൻഡ്, സിംഗപ്പൂർ എന്നീ രാജ്യങ്ങളിൽ മാത്രമാണ് ഈ ഫംഗസ് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നത്.
  - ഫംഗസ് ബാധിച്ചാൽ മരത്തിന്റെ ആയുർദൈർഘ്യം 20 വർഷം വരെ കുറയും

## Book and Author

- The Unbecoming എന്ന പുസ്തകത്തിന്റെ രചയിതാവ്

**കാർത്തികേയ ബാജ്പേയി**

## Kerala

- വേദങ്ങളെ ആഴത്തിലറിയാൻ സകല മതസ്ഥർക്കും അവസരമൊരുക്കുന്ന മഹാക്ഷേത്രം ഷൊർണൂർ ത്രാങ്ങാലിയിൽ ഒരുങ്ങുന്നു
    - ഗായത്രിദേവിയാണ് മുഖ്യപ്രതിഷ്ഠ
    - ക്ഷേത്രത്തിന്റെ നാലു ദിക്കിലായാണ് ഋഗ്വേദ, യജുർവേദ, സാമവേദ, അഥർവവേദ പാഠശാലകൾ
    - അയോദ്ധ്യയിലെ രാം ലല്ലയുടെയും കേദാർനാഥിലെ ശങ്കരാചാര്യ പ്രതിമയുടെയും ശില്പി അരുൺ യോഗിരാജിനെയാണ് ഗായത്രി വിഗ്രഹം പണിയാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്
- ഓങ്ങല്ലൂർ തളി മഹാദേവക്ഷേത്രം സ്ഥിതി ചെയ്യുന്ന ജില്ല

    **പാലക്കാട്**

    - പട്ടാമ്പിയിൽ സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രം ദേശീയപ്രാധാന്യമുള്ള സ്മാരകമായി കേന്ദ്ര സാംസ്കാരിക മന്ത്രാലയം പ്രഖ്യാപിച്ചു

## National

- ആദംപൂർ വിമാനത്താവളത്തിന്റെ പുതിയ പേര്

    **ശ്രീ ഗുരു രവിദാസ് മഹാരാജ് ജി വിമാനത്താവളം**

    - പഞ്ചാബിലെ ജലന്ധറിലാണ് ഇത് സ്ഥിതി ചെയ്യുന്നത്

## International

- 2026ൽ U.K യിൽ വീശിയ കൊടുങ്കാറ്റ്

    **ചന്ദ്ര**

## Today's MCQ

1. സംസ്ഥാനത്തെ നഗരഗ്രാമ വികസന വിടവ് നികത്തുന്നതിനായി മുഖ്യമന്ത്രി ഗ്രാമോത്ഥാൻ യോജന ആരംഭിച്ചത്

    (a) ഗുജറാത്ത് (b) മധ്യപ്രദേശ്

    (c) ഉത്തർപ്രദേശ് (d) കർണാടക

2. രാജ്യത്തെ ആദ്യത്തെ എൽ.എൻ.ജി. ഡീസൽ ഇരട്ട ഇന്ധന ഡെമു ട്രെയിൻ പ്രവർത്തനം ആരംഭിച്ചത്

    (a) പാട്ന (b) അഹമ്മദാബാദ്

    (c) പൂനെ (d) നാഗ്പൂർ

**Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY
05




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 05 FEBRUARY 2026

## Book and Author

- 'ഫോർ സ്റ്റാർസ് ഓഫ് ഡെസ്റ്റിനി' എന്ന പുസ്തകം എഴുതിയത്

  **ജനറൽ മനോജ് മുകുന്ദ് നരവനെ** (മുൻ കരസേന മേധാവി)

  - മുൻ കരസേന മേധാവിയുടെ ഓർമക്കുറിപ്പുകൾ ഇതുവരെ ഔദ്യോഗികമായി പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. ഇതോടെ മനോജ് മുകുന്ദ് നരവനെ വീണ്ടും ചർച്ചകളിൽ നിറയുകയാണ്.

## Kerala

- ഹൈഡ്രജൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബസുകൾ സർവീസ് നടത്തുന്ന ആദ്യത്തെ ഇന്ത്യൻ വിമാനത്താവളമാകുന്നത്

  **കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളം**

  - കേരള ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ ഫൗണ്ടേഷനും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും (സിയാൽ) തമ്മിൽ കരാർ ഒപ്പിട്ടതിനെത്തുടർന്ന്, യാത്രക്കാരുടെ ഗതാഗതത്തിനായി ഹൈഡ്രജൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബസുകൾ സർവീസ് നടത്തുന്ന ആദ്യത്തെ ഇന്ത്യൻ വിമാനത്താവളമായി കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളം മാറും.

- അടുത്തിടെ കുടുംബശ്രീ മിഷൻ ആരംഭിച്ച ടേക്ക്എവേ കൗണ്ടറുകൾ

  **മീറ്റ് പോയിന്റ്**

  - കുടുംബശ്രീ കഫേ, കാന്റീൻ യൂണിറ്റുകൾക്ക് സുസ്ഥിരമായ ഒരു വരുമാന മാർഗം പ്രദാനം ചെയ്യുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുമായി സഹകരിച്ച്, തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ഭക്ഷ്യ തയ്യാറാക്കൽ, ചേരുവകൾ കൈകാര്യം ചെയ്യൽ, പാക്കേജിംഗ്, സംഭരണം, വിപണനം എന്നിവയിൽ സമഗ്രമായ പരിശീലനം നൽകും.

## National

- അടുത്തിടെ ഉണ്ടായ പി.എസ്.എൽ.വി. പരാജയങ്ങളെക്കുറിച്ച് അന്വേഷിക്കാൻ വി.എസ്.എസ്.സി. സന്ദർശിച്ചത്

  **അജിത് ഡോവൽ**

  - പി.എസ്.എൽ.വി. C 62 ദൗത്യത്തിന്റെ പരാജയവുമായി ബന്ധപ്പെട്ട് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ വിക്രം സാരാഭായ് സ്പേസ് സെന്റർ (വി.എസ്.എസ്.സി.) സന്ദർശിച്ചു
  - പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നിർദ്ദേശപ്രകാരമാണ് കഴിഞ്ഞ മാസം രഹസ്യമായി അദ്ദേഹം എത്തിയത്

## Science and Technology

- അടുത്തിടെ മലബാറിൽ നിന്ന് കണ്ടെത്തിയ അപൂർവ ദേശാടന പക്ഷി

  **ഇസബെൽലൈൻ ഷ്രൈക്ക്**

  - മലബാറിൽ ഈ ഇനത്തെ ആദ്യമായിട്ടും കേരളത്തിൽ രണ്ടാമതുമാണ് കാണപ്പെട്ടത്

## International

- 2026-ലെ ലോക കാൻസർ ദിനത്തിന്റെ പ്രമേയം

**United by Unique**

  - ലോക കാൻസർ ദിനം - **ഫെബ്രുവരി 4**

- ഇന്ത്യൻ ഉൽപന്നങ്ങൾക്കുള്ള തീരുവ 18 ശതമാനമാക്കി കുറയ്ക്കുവാൻ തീരുമാനിച്ച രാജ്യം

**യു.എസ്.**

## Sports

- പ്രഥമ ഫിഫ വനിതാ ചാമ്പ്യൻസ് കപ്പ് വിജയിച്ചത്

**ആഴ്സണൽ വുമെൻ എഫ്.സി**

  - റണ്ണറപ്പ് - കൊറിന്ത്യൻസ്

## Demise

- 2026 ഫെബ്രുവരിയിൽ അന്തരിച്ച പ്രശസ്ത സംഗീത സംവിധായകൻ

**എസ്.പി വെങ്കടേഷ്**

  - രാജാവിന്റെ മകൻ, വിളംബരം, വഴിയോരക്കാഴ്ചകൾ, ദൗത്യം, ഭൂമിയിലെ രാജാക്കൻമാർ, വ്യൂഹം, കുട്ടേട്ടൻ, അപ്പു (പശ്ചാത്തല സംഗീതം), മഹായാനം (പശ്ചാത്തല സംഗീതം), നാടോടി, കാഴ്ചയ്ക്കപ്പുറം, എന്നോടിഷ്ടം കൂടാമോ, കിലുക്കം, ജോണി വാക്കർ, ദേവാസുരം(പശ്ചാത്തല സംഗീതം), ധ്രുവം, വാൽസല്യം, പൈതൃകം, സൈന്യം, സോപാനം, മിന്നാരം, മാന്നാർ മത്തായി സ്പീക്കിങ്, മാന്ത്രികം, സ്ഫടികം തുടങ്ങി ഒട്ടേറെ ഹിറ്റ് ചിത്രങ്ങളിൽ അദ്ദേഹം ഭാഗമായിരുന്നു.

### Today's MCQ

1. 2026-ലെ ക്രാഫോർഡ് പ്രൈസ് ജേതാവ്

   (a) പി. മുരുഗവേൽ (b) എസ്.കെ. സതീഷ്

   (c) ജാഗി ശുക്ല (d) വീരഭദ്രൻ രാമനാഥൻ

2. ഓങ്ങല്ലൂർ തളി മഹാദേവക്ഷേത്രം സ്ഥിതി ചെയ്യുന്ന ജില്ല

   (a) തൃശൂർ (b) പാലക്കാട്

   (c) കോഴിക്കോട് (d) ആലപ്പുഴ

**Ans : 1. (d), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY
06-07



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 06, 07 FEBRUARY 2026

## Appointment

- മണിപ്പൂരിന്റെ മുഖ്യമന്ത്രിയായി 2026 ഫെബ്രുവരിയിൽ സത്യപ്രതിജ്ഞ ചെയ്തത്

  **യുംനാം ഖേംചന്ദ് സിങ്**

  - നെംചാ കിപ്ജെൻ, ലോസി ദിഖോ എന്നിവരാണ് പുതിയ ഉപമുഖ്യമന്ത്രിമാർ
  - കുക്കി വിഭാഗത്തിൽ നിന്ന് ആദ്യമായി ഉപമുഖ്യമന്ത്രിയാകുന്ന ആളാണ് നെംചാ.
  - കലാപങ്ങളെത്തുടർന്ന് 2025 ഫെബ്രുവരിയിൽ മണിപ്പൂർ മുഖ്യമന്ത്രിയായിരുന്ന എൻ. ബിരേൻ സിങ് രാജിവച്ചു
  - ഇതിനുപിന്നാലെ 2025 ഫെബ്രുവരി 13ന് സംസ്ഥാനത്ത് രാഷ്ട്രപതി ഭരണം ഏർപ്പെടുത്തി.
  - രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയെങ്കിലും നിയമസഭ പിരിച്ചുവിട്ടിരുന്നില്ല

- സംസ്ഥാന വഖഫ് ബോർഡ് ചെയർമാൻ

  **അഡ്വ.എം.കെ സക്കീർ**

## Space

- ലോകത്തിലെ ആദ്യത്തെ സ്വകാര്യ/വാണിജ്യ ബഹിരാകാശ നിലയം

  **ഹേവൻ 1** (Haven- 1)

  - അമേരിക്കൻ എയ്റോസ്പേസ് കമ്പനിയായ 'വാസ്റ്റ് സ്പേസ്' (Vast Space) ആണ് ഹേവൻ 1 വികസിപ്പിക്കുന്നത്.
  - 2026-ൽ വിക്ഷേപിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും, പുതിയ റിപ്പോർട്ടുകൾ പ്രകാരം ഇത് 2027-ൽ വിക്ഷേപിക്കുമെന്നാണ് കരുതുന്നത്.
  - സ്പേസ് എക്സിന്റെ (SpaceX) ഫാൽക്കൺ 9 (Falcon 9) റോക്കറ്റിലായിരിക്കും ഇത് വിക്ഷേപണം

## Awards

- 2024-ലെ സ്വദേശാഭിമാനി കേസരി പുരസ്കാരത്തിന് അർഹനായത്

  **മലയിൻകീഴ് ഗോപാലകൃഷ്ണൻ**

  - മാദ്ധ്യമ മേഖലയിലെ സമഗ്ര സംഭാവനകൾ പരിഗണിച്ച് സംസ്ഥാന സർക്കാർ നൽകുന്ന പുരസ്കാരമാണിത്
  - ഒരു ലക്ഷം രൂപയും കാനായി കുഞ്ഞിരാമൻ രൂപകൽപന ചെയ്ത ശിൽപവും പ്രശസ്തി പത്രവുമാണ് അവാർഡ്

## Kerala

- പെപിത സേത്തിന് ഇന്ത്യൻ പൗരത്വം
  - ❖ കേരളത്തിന്റെ കലയും സംസ്കാരവും ലോകത്തിന്റെ കാഴ്ചയിലെത്തിച്ച പെപിതയെ 2012 ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചിരുന്നു.

## National

- കിഴക്കൻ നാഗാലാൻഡിലെ ആറ് ജില്ലകൾക്കായി പ്രത്യേക ഭരണാധികാരമുള്ള 'ഫ്രോണ്ടിയർ നാഗാലാൻഡ് ടെറിട്ടോറിയൽ അതോറിറ്റി' രൂപീകരിക്കും.
  - ❖ 46 വിഷയങ്ങളിൽ നിയമനിർമ്മാണത്തിനും ഭരണത്തിനും സാമ്പത്തിക കാര്യങ്ങൾക്കും ഈ അതോറിറ്റിക്ക് സ്വയംഭരണാധികാരം ഉണ്ടായിരിക്കും.
  - ❖ കേന്ദ്ര സർക്കാർ, നാഗാലാൻഡ് സർക്കാർ, ഈസ്റ്റേൺ നാഗാലാൻഡ് പീപ്പിൾസ് ഓർഗനൈസേഷൻ എന്നിവർ തമ്മിൽ ആണ് കരാർ ഒപ്പുവെച്ചത്.
- സുപ്രീംകോടതിയുടെ ചരിത്രത്തിലാദ്യമായി കേസ് വാദിച്ച മുഖ്യമന്ത്രി

  **മമത ബാനർജി** (പശ്ചിമ ബംഗാൾ മുഖ്യമന്ത്രി )
  - ❖ വോട്ടർ പട്ടികയിലെ പ്രത്യേക തീവ്ര പരിഷ്കരണത്തിനെതിരായ (എസ്.ഐ.ആർ) ഹർജിയിൽ സുപ്രിം കോടതിയിൽ നേരിട്ടു വാദിച്ചു
- സിലിഗുരി ഇടനാഴിയിൽ ഇന്ത്യ ഭൂഗർഭ റെയിൽ പാത നിർമ്മിക്കാൻ പദ്ധതിയിടുന്നു
  - ❖ രാജ്യത്തിന്റെ വടക്കു കിഴക്കൻ മേഖലയെ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് ബന്ധിപ്പിക്കുന്നതാണ് സിലിഗുരി ഇടനാഴി
  - ❖ പശ്ചിമബംഗാളിലെ ടിൻ മിലെ ഹാത്തിനും,രംഗപാണിക്കും ഇടയിലാണ് ഭൂഗർഭ പാത
  - ❖ കേന്ദ്ര റെയിൽ മന്ത്രി - **അശ്വിനി വൈഷ്ണവ്**

## International

- 2026 ഫെബ്രുവരിയിൽ ഇന്ത്യൻ പ്രധാനമന്ത്രി ഔദ്യോഗിക സന്ദർശനം നടത്തുന്ന വിദേശരാജ്യം

  **മലേഷ്യ**
  - ❖ മലേഷ്യൻ പ്രധാനമന്ത്രി - **അൻവർ ഇബ്രാഹിം**

## Sports

- 2026-ലെ WPL (4th) ജേതാക്കൾ

  **റോയൽ ചലഞ്ചേഴ്സ് ബംഗളൂരു** (RCB യുടെ രണ്ടാം കിരീട നേട്ടമാണിത്)

  (ക്യാപ്റ്റൻ - **സ്മൃതി മന്ദാന** )
  - ❖ ഇതോടെ ഏറ്റവും കൂടുതൽ WPL കിരീടങ്ങൾ എന്ന നേട്ടത്തിൽ മുംബൈക്കൊപ്പമെത്തി (2023,2025 വർഷങ്ങളിൽ മുംബൈ ജേതാക്കളായി. RCB 2024, 2026 വർഷങ്ങളിൽ ജേതാക്കളായി)
  - ❖ ഫൈനലിൽ ഡൽഹി ക്യാപിറ്റൽസിനെയാണ് പരാജയപ്പെടുത്തിയത് ( ഡൽഹി നാലാം തവണയാണ് ഫൈനൽ കളിക്കുന്നത്) (ക്യാപ്റ്റൻ - ജെമീമ റോഡ്രിഗസ്)

- ഫൈനലിന്റെ വേദി - **ബറോഡ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയം** (ബിസിഎ. സ്റ്റേഡിയം) / **കൊട്ടാമ്പി സ്റ്റേഡിയം** (ഗുജറാത്ത്)
- ഫൈനലിലെ താരം - **സ്മൃതി മന്ദാന**
- ടൂർണമെന്റിലെ താരം - **സോഫി ഡിവൈൻ** (ഗുജറാത്ത് ജെയ്ന്റ്സ് )
- കൂടുതൽ റൺസ് - **സ്മൃതി മന്ദാന** (RCB)
- കൂടുതൽ വിക്കറ്റ് - **സോഫി ഡിവൈൻ** (ഗുജറാത്ത് ജെയ്ന്റ്സ് )
- എമർജിങ് പ്ലെയർ - **നന്ദിനി ശർമ്മ** (DC)

## Demise

- 2026-ൽ അന്തരിച്ച മെക്സിക്കൻ ചലച്ചിത്ര നടൻ

**ഹെറാർഡോ ടരസെന**

  - അപ്പോക്കലിപ്റ്റോ എന്ന ചിത്രത്തിൽ 'മിഡിൽ ഐ' എന്ന പ്രതിനായക കഥാപാത്രത്തെ അവിസ്മരണീയമാക്കിയത് ഇദ്ദേഹമാണ്
  - നാർക്കോസ്: മെക്സിക്കോ' എന്ന പരമ്പരയിലെ ' പാബ്ലോ അക്കോസ്റ്റ' എന്ന കഥാപാത്രവും ശ്രദ്ധിക്കപ്പെട്ടു.

- 2026 ഫെബ്രുവരിയിൽ അന്തരിച്ച ഇന്ത്യയിലെ ട്രാവൽ റൈറ്റർ

**ഹ്യൂ ഗാന്റ്സർ** (Hugh Gantzer)

  - 2025 ൽ രാജ്യം ഹ്യൂ ഗാന്റ്സറിനും ഭാര്യ കൊളീനും സംയുക്തമായി പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചിരുന്നു.
  - 1980കളുടെ അവസാനത്തിൽ ദൂരദർശനിൽ സംപ്രേഷണം ചെയ്തിരുന്ന 'ലുക്കിംഗ് ബിയോണ്ട്' (Looking Beyond) എന്ന യാത്രാ പരിപാടിയിലൂടെയാണ് ഇവർ ജനശ്രദ്ധയാകർഷിച്ചത്.
  - ഈ പരിപാടി ഇന്ത്യയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ച് സാധാരണക്കാർക്ക് അറിവ് നൽകുന്നതിൽ വലിയ പങ്കുവഹിച്ചു.

## Today's MCQ

1. അടുത്തിടെ കുടുംബശ്രീ മിഷൻ ആരംഭിച്ച ടേക്ക്എവേ കൗണ്ടറുകൾ

   (a) ടേക്ക് പോയിന്റ് (b) ഈറ്റ് പോയിന്റ്

   (c) മീറ്റ് പോയിന്റ് (d) ഫുഡ് പോയിന്റ്

2. ഹൈഡ്രജൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബസുകൾ സർവീസ് നടത്തുന്ന ആദ്യത്തെ ഇന്ത്യൻ വിമാനത്താവളമാകുന്നത്

   (a) കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളം

   (b) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

   (c) മുംബൈ അന്താരാഷ്ട്ര വിമാനത്താവളം

   (d) ചെന്നൈ അന്താരാഷ്ട്ര വിമാനത്താവളം

**Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY
08




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 08 FEBRUARY 2026

## Appointment

- ഇറാനിൽ നിന്ന് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റിയംഗമായ ആദ്യ വനിത

  **Soraya Aghaei**

  - ഇറാനിൽ നിന്ന് ഒളിമ്പിക്സ് ബാഡ്മിന്റനിൽ മത്സരിക്കുന്ന ആദ്യ വനിത താരമായിരുന്നു Soraya Aghaei (2020 ടോക്കിയോ ഒളിമ്പിക്സ്)

## Awards

- രാജ്യത്തെ മികച്ച പത്ത് പോലീസ് സ്റ്റേഷനുകളിൽ ഒന്നായി കേന്ദ്ര ആഭ്യന്തരമന്ത്രാലയം തിരഞ്ഞെടുത്ത കേരളത്തിൽ നിന്നുള്ള പോലീസ് സ്റ്റേഷൻ

  **ഇരിട്ടി പോലീസ് സ്റ്റേഷൻ** (കണ്ണൂർ)

  - 2025 ൽ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനും ഇരിട്ടിയായിരുന്നു

- 2026-ലെ ഗ്ലോബൽ ടീച്ചർ പ്രൈസ് നേടിയ ഇന്ത്യൻ അധ്യാപിക

  **റൂബിൾ നാഗി**

  - ചേരികളിലെ വീടുകളുടെ ഭിത്തികൾ പാഠപുസ്തകങ്ങളാക്കി മാറ്റിയ 'അറിവിന്റെ ചുമരുകൾ' (Living Walls of Learning) എന്ന പദ്ധതിക്കാണ് അംഗീകാരം
  - 9 കോടി രൂപയാണ് (1 മില്യൺ ഡോളർ) സമ്മാനത്തുക

## Kerala

- കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് (അവയവ മാറ്റ ആശുപത്രി) ആരംഭിക്കുന്നത്

  **ചേവായൂർ, കോഴിക്കോട്**

  - രാജ്യത്തെ ആദ്യത്തേയും, ലോകത്തെ മൂന്നാമത്തെയും അവയവമാറ്റ ആശുപത്രിയാണ് ആരംഭിക്കുന്നത്

- അയ്യാ വൈകുണ്ഠസ്വാമി മെമ്മോറിയൽ ലൈബ്രറി ആൻഡ് കൾച്ചറൽ സെന്റർ സ്ഥാപിതമാകുന്നത്

  **വഞ്ചിയൂർ**

- SIR നടപടികൾ പൂർത്തിയാക്കിയ കേരളത്തിലെ ആദ്യ നിയമസഭാ മണ്ഡലം

  **കുട്ടനാട്**

- 2026-ലെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഔദ്യോഗിക കലണ്ടറിൽ ഇടംപിടിച്ച കേരളത്തിലെ ദേശീയപാത റീച്ച്

**തലപ്പാടി - ചെങ്കള**

- ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് നിർമ്മിച്ചത്
- ദേശീയപാത 66ന്റെ (NH 66) ഭാഗമായ കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ ചെങ്കള വരെ.

## National

- കേന്ദ്ര സഹകരണ മന്ത്രാലയത്തിനു കീഴിൽ ആരംഭിച്ച ഓൺലൈൻ ടാക്സി സർവീസിന്റെ പേര്

**ഭാരത് ടാക്സി**

- ആദ്യഘട്ടം ഡൽഹിയിലും ഗുജറാത്തിലും

## International

- ഡോൺ കൊളോസസ് എന്ന പ്രതിമയുടെ ശില്പി

**അലൻ കോട്രിൽ**

- അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ 15 അടി ഉയരമുള്ള പ്രതിമയാണിത്

- 2026 ഫെബ്രുവരിയിൽ അവസാനിച്ച ആണവായുധ നിയന്ത്രണ ഉടമ്പടി

**ന്യൂ സ്റ്റാർട്ട്**

- റഷ്യക്കും യുഎസിനും ഇടയിൽ നിലനിന്നിരുന്ന അവസാനത്തെ ആണവായുധ നിയന്ത്രണ ഉടമ്പടിയാണിത്
- കാലാവധി ഔദ്യോഗികമായി അവസാനിച്ചത് 2026 ഫെബ്രുവരി 5
- പൂർണ്ണരൂപം: **New Strategic Arms Reduction Treaty.**
- 2010 ൽ പ്രാഗിൽ വെച്ച് ഒപ്പിട്ട കരാർ പ്രാബല്യത്തിൽ വന്നത് 2011 ഫെബ്രുവരി 5നാണ്

## Sports

- 2026 ലെ വിന്റർ ഒളിമ്പിക്സിന്റെയും പാരാലിമ്പിക്സിന്റെയും ഭാഗ്യചിഹ്നങ്ങൾ

**ടീന** (വിന്റർ ഒളിമ്പിക്സ്) **മിലോ** (വിന്റർ പാരാലിമ്പിക്സ്)

- ഇവ രണ്ടും ഇറ്റാലിയൻ ആൽപ്സ് പർവതനിരകളിൽ കാണപ്പെടുന്ന 'സ്റ്റോട്ട്' (Stoat) എന്നറിയപ്പെടുന്ന ഒരുതരം കീരി വർഗ്ഗത്തിൽപ്പെട്ട ജീവികളാണ്.
- ഇറ്റലിയാണ് 2026 ലെ വിന്റർ ഒളിമ്പിക്സിന് ആതിഥേയത്വം വഹിക്കുന്നത്.
- ഇറ്റലിയിലെ മിലാൻ, കോർട്ടിന ഡി അമ്പെസ്സോ എന്നീ നഗരങ്ങളിലാണ് നടക്കുന്നത്

- 2026 U19 പുരുഷ ലോകകപ്പ് ജേതാക്കൾ

  **ഇന്ത്യ** (ഇന്ത്യയുടെ ആറാമത് കിരീടം) (ഇന്ത്യൻ ക്യാപ്റ്റൻ - **Ayush Mhatre**)

  - ഫൈനലിൽ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തി
  - ഫൈനലിലെ താരവും ടൂർണമെന്റിലെ താരവും വൈഭവ് സൂര്യവംശി
  - സൂര്യവംശി ഫൈനലിൽ 175 റൺസ് നേടി ഇതിലൂടെ ഒരു ഐ.സി.സി ടൂർണമെന്റിലെ ഫൈനലിലെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ എന്ന നേട്ടവും സ്വന്തമാക്കി
  - മലയാളികളായ മുഹമ്മദ് ഇനാൻ, ആരോൺ ജോർജ് എന്നിവർ ഇന്ത്യൻ ടീമിന്റെ ഭാഗമായിരുന്നു
  - വേദി - **സിംബാബ്വെ, നമീബിയ**

## Demise

- 2026 ഫെബ്രുവരിയിൽ അന്തരിച്ച മുൻ എം.എൽ.എ

  **എം. മുരളി**

  - കേരള നിയമസഭയിൽ ഏറ്റവുമധികം സ്വകാര്യബില്ലുകൾ അവതരിപ്പിച്ചത് ഇദ്ദേഹമാണ്
  - 1991-2011 വരെ 20 വർഷം തുടർച്ചയായി മാവേലിക്കര എം.എൽ.എ ആയിരുന്നു.

**Today's MCQ**

1. അടുത്തിടെ ഇന്ത്യൻ പൗരത്വം ലഭിച്ച പെപിത സേത്തിന് പത്മശ്രീ ലഭിച്ച വർഷം

   (a) 2010　　(b) 2011

   (c) 2012　　(d) 2013

2. സുപ്രീംകോടതിയുടെ ചരിത്രത്തിലാദ്യമായി കേസ് വാദിച്ച മുഖ്യമന്ത്രി

   (a) ചന്ദ്രബാബു നായിഡു　　(b) മമത ബാനർജി

   (c) നിതീഷ് കുമാർ　　(d) എം.കെ. സ്റ്റാലിൻ

**Ans : 1. (c), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY
09-10



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

TALENT PSC Academy
a Veranda Enterprise
AMMU'S COMPLEX, OPPOSITE ARIES PLEX THEATRE, THIRUVANANTHAPURAM
8590 575 713

## Award

- 2024- ലെ സംസ്ഥാന കലാപുരസ്കാരങ്ങൾ
  - കഥകളി പുരസ്കാരം - **കലാനിലയം ഉണ്ണിക്കൃഷ്ണൻ** (കഥകളി സംഗീതജ്ഞൻ)
    - **കലാമണ്ഡലം രാമചന്ദ്രൻ ഉണ്ണിത്താൻ** (കഥകളി വേഷം)
  - വാദ്യകലാരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള പല്ലാവൂർ അപ്പുമാരാർ പുരസ്കാരത്തിന് അർഹനായത് - **ചോറ്റാനിക്കര വിജയൻ മാരാർ** (തിമില കലാകാരൻ )
  - കേരളീയ നൃത്ത-നാട്യ പുരസ്കാരത്തിന് അർഹയായത് - **വിനീത നെടുങ്ങാടി** (മോഹിനിയാട്ടം കലാകാരി)

## Kerala

- മൃഗസംരക്ഷണ മേഖലയിൽ തൊഴിലെടുക്കുന്ന വനിതാ കർഷകരുടെ ഉപജീവന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച ക്യാമ്പയിൻ

  **ജീവനം**

  - മൃഗാരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇതോടൊപ്പം നടപ്പാക്കുന്നുണ്ട്. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾ, വിവിധ ബാങ്കുകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് പഞ്ചായത്ത്തലത്തിലാണ് ക്യാമ്പയിൻ നടത്തിപ്പ്.

## National

- ഇന്ത്യയുടെ സഹായത്തോടെ ഇറാനിൽ നിർമ്മിക്കുന്ന തുറമുഖം

  **ചബാഹർ**

  - 2003-ലാണ് ഇന്ത്യ ഇറാന്റെ തെക്കു കിഴക്കൻ തീരത്തുള്ള തുറമുഖം വികസിപ്പിക്കാൻ തുടങ്ങിയത്
- 2026 ഫെബ്രുവരിയിൽ ഇന്ത്യ വിജയകരമായി പരീക്ഷിച്ച ഇന്റർമീഡിയറ്റ് റേഞ്ച് ബാലിസ്റ്റിക് മിസൈൽ

  **അഗ്നി 3**

  - 3000-3500 കിലോമീറ്റർ വരെ ദൂരപരിധിയുള്ള ഇന്റർമീഡിയറ്റ് റേഞ്ച് ബാലിസ്റ്റിക് മിസൈലാണ് ഒഡീഷ ചന്ദിപ്പൂരിലെ സംയോജിത പരീക്ഷണ റേഞ്ചിൽനിന്നു വിജയകരമായി പരീക്ഷിച്ചത്.
- അടുത്തിടെ നിരവധിപേരുടെ മരണത്തിന് ഇടയാക്കിയ ഖനി ദുരന്തം നടന്നത്

  **മേഘാലയ**

  - മേഘാലയയിലെ ഈസ്റ്റ് ജയന്തിയ ഹിൽസ് ജില്ലയിലെ ഒരു അനധികൃത റാറ്റ്ഹോൾ കൽക്കരി ഖനിയിലാണ് അപകടം ഉണ്ടായത്.
- രാജ്യത്തെ നടക്കുന്ന സൈബർ തട്ടിപ്പുകൾക്കെതിരെ ഡൽഹി പോലീസ് ആവിഷ്കരിച്ച സൈബർ ഓപ്പറേഷൻ

  **ഓപ്പറേഷൻ സൈബർ ഹോക്ക് 3.0**

## International

- മൂന്നാമത് ലോക പ്രതിരോധ പ്രദർശനം 2026-ന്റെ വേദി

  **റിയാദ്**

  - ഇന്ത്യൻ പ്രതിനിധി സംഘത്തെ കേന്ദ്ര പ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത് നയിക്കും

- ഇറാനുമായി വ്യാപാരബന്ധം തുടരുന്ന രാജ്യങ്ങളിൽ നിന്നും യുഎസിലേക്ക് ഇറക്കുമതി ചെയ്യുന്ന ഉത്പന്നങ്ങൾക്ക് 25% അധിക തീരുവ ചുമത്താനുള്ള പ്രസിഡന്റ് ട്രംപിന്റെ ഉത്തരവ് പ്രാബല്യത്തിൽ വന്നു.

  - യുഎസ് ദേശീയ സുരക്ഷ, വിദേശനയം, സമ്പദ്‌വ്യവസ്ഥ എന്നിവ സംരക്ഷിക്കുന്നതിനാണ് ഉത്തരവ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് വൈറ്റ് ഹൗസ് അറിയിച്ചു.

- ഫോർബ്സ് റിപ്പോർട്ട് 2025 പ്രകാരം ലോകത്തിലെ ഏറ്റവും ശക്തരായ വനിതകളിൽ ഒന്നാം സ്ഥാനത്തുള്ളത്

  **ഉർസുല വോൺ ഡെർ ലെയെൻ** (യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ്)

  - രണ്ടാം സ്ഥാനത്ത് - **ക്രിസ്റ്റീൻ ലഗാർഡ്** (യൂറോപ്യൻ സെൻട്രൽ ബാങ്ക്, പ്രസിഡന്റ്)
  - മൂന്നാം സ്ഥാനത്ത് - **സനേ തകൈച്ചി** (ജപ്പാൻ പ്രധാനമന്ത്രി)

  **ഇന്ത്യയിൽ നിന്ന് ഉൾപ്പെട്ട വനിതകൾ**

  - **നിർമ്മല സീതാരാമൻ** (ഇന്ത്യയുടെ ധനകാര്യ, കോർപ്പറേറ്റ് കാര്യ മന്ത്രി) (24)
  - **റോഷ്നി നാടാർ മൽഹോത്ര**

    (എച്ച്.സി.എൽ. കോർപ്പറേഷൻ സി.ഇ.ഒ. & എച്ച്.സി.എൽ. ടെക്നോളജീസ് ചെയർപേഴ്സൺ) (76)
  - **കിരൺ മജുംദാർഷാ** (ബയോകോണിന്റെ സ്ഥാപക, ചെയർപേഴ്സൺ, മാനേജിംഗ് ഡയറക്ടർ) (83)

- സമഗ്രമായ സംസ്ഥാനതല പക്ഷി അറ്റ്ലസ് പ്രസിദ്ധീകരിക്കുന്ന ഇന്ത്യയിലെ രണ്ടാമത്തെ സംസ്ഥാനം

  **ഗോവ**

  - കേരളത്തിന് ശേഷം സമഗ്രമായ സംസ്ഥാനതല പക്ഷി അറ്റ്ലസ് പ്രസിദ്ധീകരിക്കുന്ന സംസ്ഥാനമാണ് ഗോവ

## Banking

**59-ാമത് പണനയ കമ്മിറ്റി മീറ്റിംഗ്**

- 2026 ഫെബ്രുവരിയിൽ നടന്നു
- കമ്മിറ്റി ചെയർമാൻ - **സഞ്ജയ് മൽഹോത്ര**
- റിപ്പോ റേറ്റ് - **5.25%**
- ബാങ്ക് റേറ്റ് - **5.50%**
- റിവേഴ്സ് റിപ്പോ റേറ്റ് - **3.35%**
- സി.ആർ.ആർ. - **3.00%**
- എസ്.എൽ.ആർ. - **18.00%**

- ഡിജിറ്റൽ തട്ടിപ്പിനിരയായവർക്ക് നഷ്ടപരിഹാരം നൽകാനായി RBI തീരുമാനിച്ചു
  - 85 ശതമാനം അല്ലെങ്കിൽ പരമാവധി 25,000 രൂപ നഷ്ടപരിഹാരമായി ലഭ്യമാക്കും.
  - പരിധി നിശ്ചയിച്ചിരിക്കുന്നത് ഇത്തരം തട്ടിപ്പുകളിൽ ജാഗരൂകരായിരിക്കാനും തെറ്റുകൾ ആവർത്തിക്കാതിരിക്കാനുമാണ്

- അടുത്തിടെ അന്താരാഷ്ട്ര ബഹിരാകാശനിലയത്തിന്റെ (ISS) ചിത്രങ്ങൾ ബഹിരാകാശത്ത് വെച്ച് പകർത്തിയ ആദ്യത്തെ ഇന്ത്യൻ സ്വകാര്യ ബഹിരാകാശ കമ്പനി

**Azista BST Aerospace**

  - ഇന്ത്യൻ സ്വകാര്യ ബഹിരാകാശ കമ്പനിയായ അസിസ്റ്റ ബിഎസ്ടി എയ്റോസ്പേസ് (Azista BST Aerospace) ആണ് ഈ നേട്ടം കൈവരിച്ചത്. അവരുടെ സാറ്റലൈറ്റായ AFR (Azista BST Aerospace First Runner) ആണ് അന്താരാഷ്ട്ര ബഹിരാകാശനിലയത്തിന്റെ (ISS) ചിത്രങ്ങൾ പകർത്തിയത്.
  - ഓർബിറ്റ് സ്നൂപ്പിംഗ്' (Orbit Snooping) അല്ലെങ്കിൽ 'Non-Earth Imaging (NEI)' എന്ന സാങ്കേതിക വിദ്യയാണ് ഇതിനായി ഉപയോഗിച്ചത്. സ്വന്തം ഭ്രമണപഥത്തിൽ കറങ്ങുന്നതിനിടയിൽ മറ്റൊരു ബഹിരാകാശ പേടകത്തെയോ വസ്തുവിനെയോ നിരീക്ഷിക്കുന്ന രീതിയാണിത്.

## Sports

- 2025-2026 ($79^{th}$) സന്തോഷ് ട്രോഫി കിരീടം നേടിയത്

**സർവീസസ്** (8-ാമത്തെ കിരീടം)

  - ഫൈനലിൽ കേരളത്തെ പരാജയപ്പെടുത്തിയാണ് കിരീടനേട്ടം
  - കേരള ടീം ക്യാപ്റ്റൻ - **സഞ്ജു. ജി**
  - ഫൈനൽ വേദി - **ധക്കുഖാന ഫുട്ബോൾ സ്റ്റേഡിയം അസം**

## Demise

- 2026 ഫെബ്രുവരിയിൽ അന്തരിച്ച നേപ്പാളി നടൻ

**സുനിൽ ഥാപ്പ**

  - 2014-ൽ ഇറങ്ങിയ ബോക്സിങ് താരം മേരി കോമിന്റെ കഥ പറയുന്ന മേരി കോം എന്ന സിനിമയിൽ പരിശീലകൻ എം. നർജിത് സിംഗായി അഭിനയിച്ചു.

## Today's MCQ

1. അയ്യാ വൈകുണ്ഠസ്വാമി മെമ്മോറിയൽ ലൈബ്രറി ആൻഡ് കൾച്ചറൽ സെന്റർ സ്ഥാപിതമാകുന്നത്

   (a) വഞ്ചിയൂർ (b) നെടുമങ്ങാട്
   (c) നേമം (d) നെയ്യാറ്റിൻകര

2. SIR നടപടികൾ പൂർത്തിയാക്കിയ കേരളത്തിലെ ആദ്യ നിയമസഭാ മണ്ഡലം

   (a) കൊട്ടാരക്കര (b) കുട്ടനാട്
   (c) ചെങ്ങന്നൂർ (d) ചങ്ങനാശേരി

**Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

February
11



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 11 FEBRUARY 2026

## Appointment

- കേരളത്തിൽ ആദ്യമായി കാഴ്ചവൈകല്യമുള്ള വനിതാ ജഡ്ജിയാകാൻ പോകുന്ന വ്യക്തി

  **താന്യ നാഥൻ സി**

- പോർച്ചുഗലിന്റെ പുതിയ പ്രസിഡന്റ്

  **അന്റോണിയോ ജോസ് സെഗുറോ**

  - റൺഓഫ് വോട്ടെടുപ്പിൽ ആന്ദ്രെ വെഞ്ചുറയെ പരാജയപ്പെടുത്തിയാണ് സെഗുറോ പോർച്ചുഗലിന്റെ അടുത്ത പ്രസിഡന്റാകാൻ ഒരുങ്ങുന്നത്
  - തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ ആർക്കും കൃത്യമായ ഭൂരിപക്ഷം (അതായത് 50 ശതമാനത്തിൽ കൂടുതൽ വോട്ട്) ലഭിക്കാതെ വരുമ്പോൾ, ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച ആദ്യത്തെ രണ്ട് സ്ഥാനാർത്ഥികൾ തമ്മിൽ നടത്തുന്ന രണ്ടാം ഘട്ട വോട്ടെടുപ്പിനെയാണ് റൺ ഓഫ് വോട്ടെടുപ്പ് (Run-off Election) എന്ന് പറയുന്നത്

## Awards

- 2025-ലെ സ്വച്ഛത പഖ്‌വാദ പുരസ്കാരങ്ങളിൽ ഒന്നാമതെത്തിയ തുറമുഖം

  **പാരാദീപ് പോർട്ട്** (ഒഡീഷ)

## Kerala

- എസ്.ഐ.ആർ. സംബന്ധിച്ച എല്ലാ നടപടികളും പൂർത്തിയായ കേരളത്തിലെ ആദ്യ ജില്ല

  **ആലപ്പുഴ**

  - എസ്.ഐ.ആർ. സംബന്ധിച്ച എല്ലാ നടപടികളും പൂർത്തിയായ കേരളത്തിലെ നിയമസഭാ മണ്ഡലം കുട്ടനാട്

- പ്രഥമ കേരള ഇന്റർനാഷണൽ ഫോക്ക് ഫെസ്റ്റിവലിന്റെ (KIFF 2026) വേദി

  **തിരുവനന്തപുരം**

- 2026-ൽ 25 വർഷം പൂർത്തിയാക്കിയ മലയാള കവിത

  **കണ്ണട**

  - മുരുകൻ കാട്ടാക്കടയാണ് രചയിതാവ്

## National

- സാവൽകോട്ട് പദ്ധതി നിർമ്മാണത്തിനായി കേന്ദ്രസർക്കാർ ടെൻഡർ ക്ഷണിച്ചു.
  - നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവർ കോർപ്പറേഷനാണ് (എൻ.എച്ച്.പി.സി) ടെൻഡർ വിളിച്ചത്
  - ചെനാബ് നദിയിലാണ് പദ്ധതി നിലവിൽ വരുന്നത്

- ബജറ്റ് സമ്മേളനത്തിൽ സ്വന്തം 'സാമ്പത്തിക സർവേ' റിപ്പോർട്ട് അവതരിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം

  **ഉത്തർപ്രദേശ്**

- 100% ഇൻഷുറൻസ് പരിരക്ഷ കൈവരിച്ച ഇന്ത്യയിലെ ആദ്യ ജില്ല

  **ആൽവാർ** (രാജസ്ഥാൻ)

  - 2047-ഓടെ എല്ലാവർക്കും ഇൻഷുറൻസ് എന്ന പദ്ധതിയുടെ ഭാഗമായാണ് ഈ നേട്ടം കൈവരിച്ചത്

- 2026 ഫെബ്രുവരിയിൽ ലോകബാങ്കിന്റെ 830 മില്യൺ യുഎസ് ഡോളർ വായ്പ ലഭിച്ച ഇന്ത്യയുടെ പദ്ധതി

  **PM SETU** ( Pradhan Mantri Skilling and Employability Transformation through Upgraded ITIs)

  - 2025-ൽ പദ്ധതി ആരംഭിച്ചു
  - ഇന്ത്യയിലെ ഐ.ടി.ഐ.കളെ (ITIs) നവീകരിക്കുക, യുവാക്കൾക്ക് തൊഴിൽ നൈപുണ്യം (Skill Development) നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം

- ദേശ സുരക്ഷാ നിയമം ലംഘനം നടത്തിയെന്ന കേസിൽ 20 വർഷത്തെ തടവ് ശിക്ഷ ലഭിച്ച ഹോങ്കോങ് ജനാധിപത്യവാദി

  **ജിമ്മി ലായി**

  - ആപ്പിൾ ഡെയിലി എന്ന പത്രത്തിന്റെ സ്ഥാപകനായിരുന്നു (1995)
  - 2021-ൽ ഈ പത്രം പൂട്ടി

**Today's MCQ**

1. അടുത്തിടെ നിരവധിപേരുടെ മരണത്തിന് ഇടയാക്കിയ ഖനി ദുരന്തം നടന്നത്

   (a) അസം (b) മണിപ്പൂർ

   (c) ത്രിപുര (d) മേഘാലയ

2. 2026 ഫെബ്രുവരിയിൽ ഇന്ത്യ വിജയകരമായി പരീക്ഷിച്ച ഇന്റർമീഡിയറ്റ് റേഞ്ച് ബാലിസ്റ്റിക് മിസൈൽ

   (a) അഗ്നി 3 (b) അഗ്നി 4

   (c) അഗ്നി 5 (d) അഗ്നി 6

**Ans : 1. (d), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY
12



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 12 FEBRUARY 2026

## Award

- 2025-26 യൂത്ത് ഐക്കൺ അവാർഡുകൾ
  - കല/സാംസ്കാരികം - **കല്യാണി പ്രിയദർശൻ**
  - സാഹിത്യം - **അമൽ പിരപ്പൻകോട്**
  - കായികം - **പി. മുഹമ്മദ് അഫ്സൽ** (2022 ഏഷ്യൻ ഗെയിംസിൽ 800 മീറ്ററിൽ വെള്ളിമെഡൽ നേടി)
  - കാർഷികം - **ആർ. വിഷ്ണുരാജ്** (എക്സ്പെരിമെന്റൽ ഫാമിങ് വിജയകരമായി നടപ്പിലാക്കി)
  - വ്യവസായം/സംരഭകത്വം - **വിമൽ ഗോവിന്ദ്**
  - മാധ്യമം - **നിലീന അത്തോളി**
  - കേരള സംസ്ഥാന യുവജന കമീഷൻ ഏർപ്പെടുത്തുന്ന പുരസ്കാരം
- BIOFACH 2026-ൽ കൺട്രി ഓഫ് ദി ഇയർ ബഹുമതി നേടിയ രാജ്യം

  **ഇന്ത്യ**
  - BIOFACH 2026-ന്റെ വേദി - **ന്യൂറംബർഗ്** (ജർമ്മനി)
  - ലോകത്തിലെ പ്രമുഖ ജൈവ ഉൽപ്പന്ന വ്യാപാരമേളയാണ് BIOFACH

## Appointment

- സംസ്ഥാന സർക്കാരിന്റെ ഓൺലൈൻ ടാക്സി സർവീസായ കേരള സവാരിയുടെ ഗുഡ്വിൽ അംബാസഡർ

  **സഞ്ജു സാംസൺ**
  - തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന, യാത്രക്കാർക്കും ഡ്രൈവർമാർക്കും ഒരുപോലെ നീതി ഉറപ്പാക്കുന്ന സംരംഭമാണിത്
- 2026 ഫെബ്രുവരിയിൽ ടെക്നോപാർക്കിന്റെ സി.ഇ.ഒ ആയി നിയമിതനായത്

  **സന്ദീപ് കുമാർ**
  - ഇന്ത്യയിലെ ആദ്യത്തെ ഐ.ടി പാർക്കാണ് ടെക്നോപാർക്ക്

## Kerala

- കേരളത്തിലെ സ്വകാര്യ മേഖലയിലുള്ള തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ആശ്രിത ധനസഹായ പദ്ധതി

  **രക്ഷാകവചം**
  - ജോലിസ്ഥലത്തോ പുറത്തോ ആകസ്മികമായി മരണപ്പെട്ട തൊഴിലാളിയുടെ കുടുംബത്തിന് അഞ്ചു ലക്ഷം രൂപ അടിയന്തര ധനസഹായം ലഭ്യമാക്കും
  - 150 രൂപ വാർഷിക വിഹിതത്തിലൂടെ 25 ലക്ഷത്തോളം തൊഴിലാളികൾക്ക് സുരക്ഷ ലഭ്യമാക്കുകയാണ് ലക്ഷ്യം.

- കിൻഫ്രയുടെ നേതൃത്വത്തിൽ കേരളത്തിലെ ആദ്യ ഗ്ലോബൽ ഗോൾഡ് സിറ്റി നിലവിൽ വരുന്നത്

**മട്ടന്നൂർ** (കണ്ണൂർ)

  - സ്വർണത്തിന്റെ ശുദ്ധീകരണം മുതൽ വിപണനം വരെയുള്ള മുഴുവൻ വിപണിശൃംഖലയെ ഏകീകരിക്കുന്ന സ്മാർട്ട് ഇൻഡസ്ട്രിയൽ സിറ്റിയാകുമിത്.
  - വ്യവസായ മന്ത്രി – **പി. രാജീവ്**

## National

- ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ പുരുഷ അനലോഗ് അസ്ട്രോനട്ട്

**ആദിത്യ പാണ്ഡ്യ**

  - ബഹിരാകാശത്തേക്ക് യഥാർത്ഥത്തിൽ പോകുന്നതിന് പകരം, ഭൂമിയിൽ തന്നെ ബഹിരാകാശത്തിന് സമാനമായ സാഹചര്യങ്ങൾ സൃഷ്ടിച്ച് അവിടെ ജീവിക്കുകയും പരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നവരാണ് അനലോഗ് അസ്ട്രോനട്ടുകൾ. ചൊവ്വയിലോ ചന്ദ്രനിലോ ഉള്ളത് പോലെയുള്ള സാഹചര്യങ്ങളിൽ മനുഷ്യന്റെ മാനസികവും ശാരീരികവുമായ മാറ്റങ്ങൾ പഠിക്കാൻ ഇത് സഹായിക്കുന്നു.

- ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രതിമാസം 25,000 രൂപ ധനസഹായം നൽകുന്നതിനായി അസം സർക്കാർ പ്രഖ്യാപിച്ച പദ്ധതി

**അടൽ വിചൽ അഗ്രഗാമി അസം**

  - അസം മുഖ്യമന്ത്രി – **ഹിമന്ത ബിശ്വ ശർമ്മ**

## International

- Zscaler ThreatLabz 2026 AI സെക്യൂരിറ്റി റിപ്പോർട്ട് പ്രകാരം എന്റർപ്രൈസ് നിർമ്മിതബുദ്ധി (AI) ഉപയോഗത്തിൽ ആഗോളതലത്തിൽ ഇന്ത്യയുടെ സ്ഥാനം

**രണ്ട്**

  - ഒന്നാം സ്ഥാനത്ത് – **അമേരിക്ക**

## Science and Technology

- കേരളത്തിൽ നിന്നും പുതുതായി കണ്ടെത്തിയ തുമ്പി വർഗ്ഗം

**ലിറിയോതെമിസ് കേരളെൻസിസ്** (Lyriothemis keralensis)

  - എറണാകുളം ജില്ലയിലെ കോതമംഗലത്തിനടുത്തുള്ള വരപ്പെട്ടിയിൽ നിന്നാണ് ഈ ഇനത്തെ കണ്ടെത്തിയത്

## Today's MCQ

1. അന്റോണിയോ ജോസ് സെഗുറോ ഏത് രാജ്യത്തിന്റെ പ്രസിഡന്റാണ് ?
   (a) മെക്സിക്കോ (b) പോർച്ചുഗൽ
   (c) ഫ്രാൻസ് (d) കാനഡ
2. എസ്.ഐ.ആർ. സംബന്ധിച്ച എല്ലാ നടപടികളും പൂർത്തിയായ കേരളത്തിലെ ആദ്യ ജില്ല
   (a) കോട്ടയം (b) കോഴിക്കോട്
   (c) ആലപ്പുഴ (d) വയനാട്

**Ans : 1. (b), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY 2K26
13-14



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 13, 14 FEBRUARY 2026

## Appointment

- മലയാള വാർത്താ മാധ്യമ ചരിത്രത്തിലെ ആദ്യ വനിത ചീഫ് എഡിറ്ററായി ചുമതലയേറ്റ മാധ്യമ പ്രവർത്തക

  **സുജയ പാർവതി** (ബിഗ് ടിവി)

## Award

- 2026 കേരളകാളിദാസ കേരളവർമ്മ സാഹിത്യപുരസ്കാരത്തിന് അർഹനായത്

  **കെ.എസ്. രതീഷ്**

  - കൃതി - **മാളം** (ചെറുകഥാ സമാഹാരം)

## Kerala

- സംസ്ഥാന സർക്കാർ സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ

  **നമ്മുടെ കേരളം**

- കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ അന്താരാഷ്ട്ര വിദ്യാലയം

  **മുണ്ടേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ** (കണ്ണൂർ)

  - മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപനം നടത്തി

- 2025 ലെ കേരള വന (ഭേദഗതി) നിയമപ്രകാരം സ്വകാര്യ ഭൂമിയിൽ വളർത്തുന്ന ചന്ദനമരം വനംവകുപ്പ് മുഖേന മുറിച്ചു വിൽക്കാൻ ഭൂവുടമകൾക്ക് സർക്കാർ പുതിയതായി അനുമതി നൽകി

  - 1961 ലെ വനനിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് സ്വകാര്യ ഭൂമിയിലെ ചന്ദനമരം മുറിച്ച് വിൽക്കാൻ സർക്കാർ അനുമതി നൽകിയത്. സ്വന്തം ഭൂമിയിൽ നിന്ന് ചന്ദനമരം മോഷണം പോയാൽ ഉടമയ്ക്കെതിരെ കേസെടുക്കുന്ന പഴയ നിയമവും ഈ ഭേദഗതിയോടെ ഇല്ലാതായി.

- കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുതി പദ്ധതിയായ ഇടുക്കി പദ്ധതി യാഥാർത്ഥ്യമായിട്ട് 2026 ൽ 50 വർഷം

  - 1976 ഫെബ്രുവരി 12ന് പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയാണ് പദ്ധതി രാജ്യത്തിനു സമർപ്പിച്ചത്
  - കുറവൻ കുറത്തി മലകൾക്കിടയിലാണ് പദ്ധതി സ്ഥിതി ചെയ്യുന്നത്

## National

- 2026 ഫെബ്രുവരിയിൽ വിപണിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ ടി.സി.എസിനെ (TCS) മറികടന്ന് ഇന്ത്യയിലെ നാലാമത്തെ വലിയ കമ്പനിയായി മാറിയത്.

**സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBI)**

  - റിലയൻസ്, എച്ച്.ഡി.എഫ്.സി, എയർടെൽ എന്നിവയാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ

- JellyAIIP, SAMUDRA 2.0, SIVAS എന്നീ പുതിയ സേവനങ്ങൾ അടുത്തിടെ ആരംഭിച്ച സ്ഥാപനം

**INCOIS (Indian National Centre for Ocean Information Services)**

  - **JellyAIIP** (Jellyfish Aggregation Information Interactive Portal) - ഇന്ത്യൻ തീരങ്ങളിൽ ജെല്ലി ഫിഷുകൾ കൂട്ടമായി കാണപ്പെടുന്ന ഇടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക, വിനോദസഞ്ചാരികൾക്കും മത്സ്യത്തൊഴിലാളികൾക്കും നീന്തൽക്കാർക്കും അപകടങ്ങൾ ഒഴിവാക്കാൻ സഹായിക്കുക
  - **SAMUDRA 2.0** (Smart Access to Marine Users for Ocean Data Resources and Advisories) - മത്സ്യത്തൊഴിലാളികൾക്കും നാവികർക്കും സമുദ്ര വിവരങ്ങൾ നൽകുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷന്റെ (App) പരിഷ്കരിച്ച പതിപ്പാണിത്
  - **SIVAS** (Swell-Surge Inundation Vulnerability Advisory System) - കേരളം ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളിൽ വരാറുള്ള 'കള്ളക്കടൽ' പ്രതിഭാസം മൂലം ഉണ്ടാകുന്ന വെള്ളപ്പൊക്കത്തെക്കുറിച്ച് മുൻകൂട്ടി മുന്നറിയിപ്പ് നൽകുന്ന സംവിധാനമാണിത്.

- കേന്ദ്രസർക്കാരിന്റെ പുതിയ ഐ.ടി ഭേദഗതി ചട്ടപ്രകാരം, അധികൃതർ ആവശ്യപ്പെട്ടാൽ 3 മണിക്കൂറിനുള്ളിൽ വ്യാജ എ.ഐ. (Deepfake) ഉള്ളടക്കങ്ങൾ നീക്കം ചെയ്യണം.
  - ഫേസ്ബുക്ക്, എക്സ് തുടങ്ങിയ പ്ലാറ്റ്ഫോമുകൾക്ക് മുമ്പ് ഇത് 36 മണിക്കൂറായിരുന്നു.
  - പുതിയ നിയമം 2026 ഫെബ്രുവരി 20 മുതൽ നിലവിൽ വരും

- ഇന്ത്യയിലെ ആദ്യത്തെ 'മ്യൂസിക്കൽ റോഡ്'

**മുംബൈ കോസ്റ്റൽ റോഡ്**

  - വാഹനങ്ങൾ കടന്നു പോകുമ്പോൾ ജയ് ഹോ എന്ന ഗാനമാണ് കേൾക്കുന്നത്
  - ജപ്പാനിലാണ് ഈ സാങ്കേതികവിദ്യ ആദ്യമായി കണ്ടെത്തിയത്. ജപ്പാൻ, ഹംഗറി തുടങ്ങിയ രാജ്യങ്ങളിൽ നിലവിലുള്ള ഈ സംവിധാനം ഇന്ത്യയിൽ ആദ്യമായാണ് പരീക്ഷിക്കുന്നത്.

- അടുത്തിടെ ലഖ്പതി ബിട്ടിയ യോജന ആരംഭിച്ച സംസ്ഥാനം/കേന്ദ്രഭരണ പ്രദേശം

**ഡൽഹി**

  - മുൻപ് നിലവിലുണ്ടായിരുന്ന ലഡ്‌ലി യോജനയ്ക്ക് പകരമാണ് പദ്ധതി നിലവിൽ വരുന്നത്
  - ഈ പദ്ധതി പ്രകാരം ഒരു കുടുംബത്തിലെ രണ്ട് പെൺകുട്ടികൾക്ക് 1 ലക്ഷം വീതം ധനസഹായം ലഭിക്കുന്നു
  - ഡൽഹി മുഖ്യമന്ത്രി - **രേഖ ഗുപ്ത**

- സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ അവിശ്വാസ പ്രമേയ നോട്ടീസ് നൽകപ്പെട്ട നാലാമത്തെ സ്പീക്കർ

**ഓം ബിർള**

  - മറ്റ് സ്പീക്കർമാർ - **ജി.വി. മൗലാങ്കർ** (1954), **സർദാർ ഹുകം സിംഗ്** (1966), **ബൽറാം ജാക്കർ** (1987) എന്നിവർക്കെതിരെയും അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്
  - ഭരണഘടനയുടെ ആർട്ടിക്കിൾ 94(c) പ്രകാരമാണ് സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള പ്രമേയം അവതരിപ്പിക്കുന്നത്
  - സ്പീക്കറെ നീക്കം ചെയ്യാനുള്ള പ്രമേയം അവതരിപ്പിക്കുന്നതിന് 14 ദിവസം മുൻകൂട്ടി നോട്ടീസ് നൽകേണ്ടതുണ്ട്.

- **ദേശീയഗീതമായ വന്ദേമാതരത്തിനായുള്ള ആദ്യത്തെ ഔപചാരിക പ്രോട്ടോക്കോൾ ആഭ്യന്തര മന്ത്രാലയം പുറത്തിറക്കി.**
  - നിർദ്ദിഷ്ട ഔദ്യോഗിക ചടങ്ങുകളിൽ ആറ് ചരണങ്ങളുള്ളതും 3 മിനിറ്റ് മുതൽ 10 സെക്കൻഡ് വരെ ദൈർഘ്യമുള്ളതുമായ പതിപ്പ് നിർബന്ധമാക്കി
  - ദേശീയഗാനമായ ജനഗണ മനയിൽ നിന്ന് വ്യത്യസ്തമായി, വന്ദേമാതരത്തിന്റെ ആലാപനത്തെ നിയന്ത്രിക്കുന്ന ഒരു ഔദ്യോഗിക മാർഗ്ഗനിർദ്ദേശവും ഇതുവരെ ഉണ്ടായിരുന്നില്ല, അതിന്റെ ഈണം, ദൈർഘ്യം, ആലാപന രീതി എന്നിവയെക്കുറിച്ചുള്ള നിയമങ്ങൾ വ്യക്തമായി നിർവചിച്ചിട്ടുള്ളതാണ് ഈ പുതിയ മാർഗ്ഗനിർദ്ദേശം.

  **പുതിയ മാർഗ്ഗനിർദ്ദേശം അനുസരിച്ച്, വന്ദേമാതരത്തിന്റെ ഔദ്യോഗിക പതിപ്പ് ഇനിപ്പറയുന്ന സന്ദർഭങ്ങളിൽ പ്ലേ ചെയ്യണം**

  - സർക്കാർ സംഘടിപ്പിക്കുന്ന ഔദ്യോഗിക സംസ്ഥാന പരിപാടികളിലും മറ്റ് പരിപാടികളിലും രാഷ്ട്രപതി എത്തിച്ചേരുമ്പോഴും അത്തരം ചടങ്ങുകളിൽ നിന്ന് അദ്ദേഹം പോകുമ്പോഴും
  - രാഷ്ട്രപതി ആകാശവാണിയിലൂടെയും ടെലിവിഷനിലൂടെയും രാജ്യത്തെ അഭിസംബോധന ചെയ്യുന്നതിന് തൊട്ടുമുമ്പും ശേഷവും
  - ഗവർണർ/ലെഫ്റ്റനന്റ് ഗവർണർ തന്റെ സംസ്ഥാന/കേന്ദ്രഭരണ പ്രദേശത്തിനുള്ളിലെ ഔദ്യോഗിക സംസ്ഥാന ചടങ്ങുകളിൽ എത്തുമ്പോഴും അത്തരം ചടങ്ങുകളിൽ നിന്ന് അദ്ദേഹം പോകുമ്പോഴും
  - ദേശീയ പതാക പരേഡിൽ കൊണ്ടുവരുമ്പോൾ
  - വന്ദേമാതരം ആലപിക്കുകയോ പ്ലേ ചെയ്യുകയോ ചെയ്യുന്ന വേളയിൽ ആളുകൾ ശ്രദ്ധയോടെ എഴുന്നേറ്റ് നിൽക്കണം എന്നാണ് നിർദ്ദേശം.
  - എന്നാൽ സിനിമാ ഡോക്യുമെന്ററികളുടെ ഭാഗമായിട്ടാണ് ഗാനം അവതരിപ്പിക്കുന്നത് എങ്കിൽ എഴുന്നേറ്റ് നിൽക്കേണ്ടതില്ലെന്നും, അത് പ്രദർശനത്തെ തടസ്സപ്പെടുത്തുകയും അക്രമാവസ്ഥ സൃഷ്ടിക്കുകയും ചെയ്യാമെന്നും മന്ത്രാലയം പറയുന്നു
  - അതേസമയം വന്ദേമാതരവും ജനഗണമനയും ഒരുമിച്ച് അവതരിപ്പിക്കുമ്പോൾ ആദ്യം വന്ദേ മാതരം ആകണം അവതരിപ്പിക്കേണ്ടത്.
  - ഒരു മ്യൂസിക് ബാൻഡിലൂടെ വന്ദേമാതരം അവതരിപ്പിക്കുന്നുവെങ്കിൽ, പ്രേക്ഷകർക്ക് സൂചന നൽകാൻ ഡ്രം റോൾ മുൻകൂർ ഉണ്ടാകുമെന്നും നിർദ്ദേശത്തിൽ പറയുന്നു.

## International

- ട്രാൻസ്പെരൻസി ഇന്റർനാഷണൽ പുറത്തുവിട്ട ഏറ്റവും പുതിയ അഴിമതി സൂചിക (Corruption Perceptions Index 2025) പ്രകാരം ഏറ്റവും അഴിമതി കുറഞ്ഞ രാജ്യം

**ഡെന്മാർക്ക്**

  - രണ്ടാമത് - **ഫിൻലാന്റ്**
  - മൂന്നാമത് - **സിംഗപ്പൂർ**
  - ഇന്ത്യയുടെ സ്ഥാനം - **91** (മുൻവർഷത്തെ റാങ്ക് - 96)
  - ഏറ്റവും അഴിമതി കൂടിയ രാജ്യങ്ങൾ (പട്ടികയിൽ അവസാനം) - **സൊമാലിയ, ദക്ഷിണ സുഡാൻ**

## Science & Technology

- ചന്ദ്രയാൻ 4 ദൗത്യത്തിന്റെ ഭാഗമായി ലാൻഡർ ഇറങ്ങാൻ സാധ്യതയുള്ള സ്ഥലമായി ശാസ്ത്രജ്ഞർ കണ്ടെത്തിയ ചന്ദ്രനിലെ പർവത മേഖല

**മോൺസ് മൗട്ടൺ**

  - ചന്ദ്രനിലെ ഏറ്റവും നീളം കൂടിയ പർവ്വതങ്ങളിലൊന്നാണ്'മോൺസ് മൗട്ടൺ'.
  - ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിനടുത്തുള്ള മോൺസ് മൗട്ടൺ പർവത മേഖലയിലെ MM-4 എന്ന സ്ഥലമാണ് ലാൻഡിംഗിനായി ഐ.എസ്.ആർ.ഒ പ്രാഥമികമായി തെരഞ്ഞെടുത്തിരിക്കുന്നത്
  - നാസയിലെ പ്രശസ്ത ഗണിതശാസ്ത്രജ്ഞയായിരുന്ന മെൽബ റോയ് മൗട്ടന്റെ പേരാണ് ഈ പർവതത്തിന് നൽകിയിരിക്കുന്നത്.
  - ചന്ദ്രനിൽ നിന്ന് മണ്ണും പാറകളും ശേഖരിച്ച് തിരികെ ഭൂമിയിലെത്തിക്കുക എന്നതാണ് ചന്ദ്രയാൻ 4 ന്റെ പ്രധാന ലക്ഷ്യം.
  - 2028-ൽ ഈ ദൗത്യം വിക്ഷേപിക്കാനാണ് ഐ.എസ്.ആർ.ഒ. പദ്ധതിയിടുന്നത്.

## Sports

- T-20 ലോകകപ്പിൽ അർദ്ധ സെഞ്ചറി നേടുന്ന ആദ്യ മലയാളി

**അലിഷാൻ ഷറഫു**

  - യു.എ.ഇ. ടീമിന് വേണ്ടിയാണ് കളിക്കുന്നത്

## Today's MCQ

1. കേരളത്തിലെ സ്വകാര്യ മേഖലയിലുള്ള തൊഴിലാളികൾക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ആശ്രിത ധനസഹായ പദ്ധതി

(a) ആശ്രിതം (b) സ്നേഹമിത്ര

(c) രക്ഷാകവചം (d) സ്നേഹ സഹായം

2. കിൻഫ്രയുടെ നേതൃത്വത്തിൽ കേരളത്തിലെ ആദ്യ ഗ്ലോബൽ ഗോൾഡ് സിറ്റി നിലവിൽ വരുന്നത്

(a) ചെറുതുരുത്തി (b) ചിറയിൻകീഴ്

(c) പുനലൂർ (d) മട്ടന്നൂർ

**Ans : 1. (c), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY 2K26
15




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 15 FEBRUARY 2026

## Award

- 2026-ൽ നിശാഗന്ധി പുരസ്കാരം നേടിയത്

  **ദർശന ജാവേരി** (മണിപ്പൂരി നർത്തകി)

  - നൃത്തരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരമാണിത്
  - ഒന്നരലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം
  - 2002-ൽ പത്മശ്രീ ലഭിച്ചു
  - 2025-ൽ പുരസ്കാരം നേടിയത് - **പണ്ഡിറ്റ് രാജേന്ദ്ര ഗംഗാനി** (കഥക് കലാകാരൻ )
  - 2024-ൽ പുരസ്കാരം നേടിയത് - **ചിത്ര വിശ്വേശ്വരൻ** (ഭരതനാട്യം നർത്തകി)

## Appointment

- ബംഗ്ലാദേശിന്റെ പ്രധാനമന്ത്രിയായി നിയമിതനാകുന്നത്

  **താരിഖ് റഹ്മാൻ**

  - ഇദ്ദേഹത്തിന്റെ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി (ബി.എൻ.പി) തിരഞ്ഞെടുപ്പിൽ വിജയിച്ചു
  - ബംഗ്ലാദേശ് പാർലമെൻറ് അറിയപ്പെടുന്നത് - **ജതിയ സങ്സദ്** (ഹൗസ് ഓഫ് നേഷൻസ്)
  - ബി.എൻ.പി.യുടെ പാർട്ടി ചെയർമാനും മുൻ ബംഗ്ലാദേശ് പ്രധാനമന്ത്രി ഖാലിദ സിയയുടെ മകനും കൂടിയാണ് താരിഖ് റഹ്മാൻ
  - മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജി വച്ചതിനെ തുടർന്ന് മുഹമ്മദ് യൂനുസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാരാണ് ബംഗ്ലാദേശ് ഭരിച്ചിരുന്നത്
  - ഷെയ്ഖ് ഹസീനയുടെ അവാമി ലീഗ് തിരഞ്ഞെടുപ്പിൽ മത്സരിച്ചില്ല

## Kerala

- കേരളത്തിലെ തരിശുഭൂമികൾ കാർഷിക സമൃദ്ധിയിലേക്ക് തിരികെ കൊണ്ടുവരാൻ കൃഷി വകുപ്പ് ആരംഭിച്ച നൂതന പദ്ധതി

  **നവോധൻ**

  - 'കേര' (KERA) പദ്ധതിയുടെ ഭാഗമായി ലോകബാങ്കിന്റെ സഹായത്തോടെ ആരംഭിച്ച പദ്ധതി യാണിത്

- ഫുട്പാത്തിലൂടെ സ്കൂട്ടറോടിച്ചയാളെ തടഞ്ഞ് തിരിച്ചയച്ചതിലൂടെ ശ്രദ്ധേയയായ പ്രഭാവതി അമ്മയെ മോട്ടോർ വാഹന വകുപ്പിന്റെ ട്രാഫിക് ബോധവത്കരണ ബ്രാൻഡ് അംബാസഡറാക്കാൻ തീരുമാനിച്ചു.

- സംസ്ഥാനത്തെ ഏറ്റവും പ്രായംകുറഞ്ഞ അവയവ ദാതാവ്

  **ആലിൻ ഷെറിൻ എബ്രഹാം**

- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പാഠ്യപദ്ധതി പുറത്തിറക്കിയ ആദ്യ ഇന്ത്യൻ സംസ്ഥാനം

  **കേരളം**

  - ലീപ് എഹെഡ് എന്ന പേരിൽ ഇംഗ്ലീഷിലും മലയാളത്തിലും ഈ പുസ്തകം പുറത്തിറക്കിയിട്ടുണ്ട്.
  - യു.എൽ.സി.സി.എസ് (ULCCS) ഫൗണ്ടേഷനും നബാർഡും ചേർന്നാണ് 'സർഗ്ഗശേഷി' പദ്ധതിയുടെ ഭാഗമായി ഇത് നടപ്പിലാക്കുന്നത്.

- കേരളത്തിൽ ഒരു ഡാം റിസർവോയറിന് കുറുകെ നിർമിക്കുന്ന ഏറ്റവും വലിയ പാലം

  **കുമ്പിച്ചൽകടവ് പാലം** (അമ്പൂരി)

- കുട്ടികളിലെ സോഷ്യൽ മീഡിയ ആസക്തി തടയാൻ സംസ്ഥാന സർക്കാർ നിയമനിർമാണം ആലോചിക്കുന്നു

  - വിഷയത്തെക്കുറിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ സെക്രട്ടറി കെ. വാസുകിയുടെ നേതൃത്വത്തിൽ അഞ്ചംഗ വിദഗ്ധ സമിതിയെ നിയോഗിച്ചു.

## National

- ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ ആണവോർജ കമ്പനി

  **അദാനി ആറ്റോമിക് എനർജി ലിമിറ്റഡ്** (AAEL)

  - ഇന്ത്യയിലെ ആണവോർജ ഉത്പാദനരംഗത്തേക്ക് സ്വകാര്യകമ്പനികൾക്കും അനുമതി നൽകുന്ന SHANTI ബിൽ 2025-ൽ പാസാക്കിയിരുന്നു
  - ബിൽ അവതരിപ്പിച്ചത് - **ജിതേന്ദ്ര സിംഗ്** (ശാസ്ത്ര സാങ്കേതിക സഹമന്ത്രി)

- പ്രധാനമന്ത്രിയുടെ പുതിയ ഓഫീസ്

  **സേവാതീർഥ്**

  - സമുച്ചയത്തിൽ ദേവനാഗരിയിൽ **'നാഗരിക് ദേവോ ഭവ'** എന്ന് (പൗരർ ദൈവത്തെപ്പോലെ) ആലേഖനം ചെയ്തിട്ടുണ്ട്.
  - സേവാതീർഥിൽ 3 ഓഫീസുകൾ - **പ്രധാനമന്ത്രിയുടെ ഓഫീസ്, കാബിനറ്റ് സെക്രട്ടേറിയറ്റ്, ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടേറിയറ്റ്**

  **സേവാതീർഥ് ഉദ്ഘാടന സമയത്തെ പ്രധാന പ്രഖ്യാപനങ്ങൾ**

  - **പി.എം രഹാത്ത് -** ജീവൻരക്ഷാ പദ്ധതിയാണ് പി.എം രഹാത്ത്. പദ്ധതിപ്രകാരം അപകടത്തിൽപ്പെടുന്നവർക്ക് ഒന്നരലക്ഷം രൂപ വരെ പണമടയ്ക്കാതെയുള്ള ചികിത്സ ലഭ്യമാക്കും.
  - **ലാഖ്പതി ദീദി -** സ്ത്രീകൾക്കുള്ള ശാക്തീകരണ പദ്ധതിയായ 'ലാഖ്പതി ദീദി' പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണം ആറുകോടിയായി ഉയർത്തും. സ്വയം സഹായ സംഘങ്ങളിൽ അംഗമായ സ്ത്രീകളുടെ വാർഷിക വരുമാനം ഒരുലക്ഷം രൂപയാക്കും.

- തമിഴ്നാട് സർക്കാർ സ്ത്രീകൾക്ക് പ്രതിമാസം 1000 രൂപ നൽകുന്ന പദ്ധതിയുടെ പേര്

**കലൈഞ്ജർ മഗളിർ ഉരിമൈ തുകൈ പദ്ധതി**

❖ അടുത്തിടെ തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ ഈ പദ്ധതി പ്രകാരം കുടിശ്ശിക ഉൾപ്പെടെ 5000 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയുണ്ടായി.

## International

- ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ ഇലക്ട്രിക് ട്രാം പദ്ധതി നിലവിൽ വരുന്നത്

**സൗദി അറേബ്യ**

❖ ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഇലക്ട്രിക് ട്രാം സർവീസാണിത്.

❖ സൗദി അറേബ്യയിലെ വിഷൻ 2030 പദ്ധതിയുടെ ഭാഗമായാണിത് നടപ്പിലാക്കുന്നത്.

- പ്രാചീന ഇന്ത്യയും വിദേശരാജ്യങ്ങളും തമ്മിലുള്ള വ്യാപാര ബന്ധത്തിന് തെളിവായി അടുത്തിടെ 2000 വർഷം പഴക്കമുള്ള 'തമിഴ്-ബ്രാഹ്മി' ലിഖിതങ്ങൾ കണ്ടെത്തപ്പെട്ട സ്ഥലം

**തിബ്ബീസ്** (ഈജിപ്ത്)

❖ ഈജിപ്തിലെ പുരാതന തലസ്ഥാനമായ തിബ്ബീസിലെ 'രാജാക്കന്മാരുടെ താഴ്വര'യിൽ ഉള്ള ശവകുടീരങ്ങളിൽ നിന്നാണ് ഈ ലിഖിതങ്ങൾ കണ്ടെത്തിയത്.

- വാട്സാപ്പിന് പകരമായി ഉപയോഗിക്കാൻ റഷ്യൻ സർക്കാർ നിർദ്ദേശിച്ച തദ്ദേശീയ മെസ്സഞ്ചർ ആപ്പ്

**മാക്സ്**

❖ മെറ്റ കമ്പനിയെ തീവ്രവാദ സംഘടനയായി പ്രഖ്യാപിച്ചുകൊണ്ടാണ് റഷ്യ വാട്സാപ്പിന് നിയന്ത്രണം ഏർപ്പെടുത്തിയത്

## Sports

- 2026-ലെ ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിന്റെ ആദ്യ മത്സരത്തിൽ ഏറ്റുമുട്ടുന്നത്

**കേരള ബ്ലാസ്റ്റേഴ്സ് Vs മോഹൻ ബഗാൻ**

❖ 14 ടീമുകളാണ് ഇത്തവണ മത്സര രംഗത്തുള്ളത്

## Today's MCQ

1. 2026 കേരളകാളിദാസ കേരളവർമ്മ സാഹിത്യപുരസ്കാരത്തിന് അർഹനായത്

(a) സന്തോഷ് കുമാർ (b) ഷീജ വക്കം

(c) ജനാർദ്ദനൻ (d) കെ.എസ്. രതീഷ്

2. സംസ്ഥാന സർക്കാർ സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ

(a) എന്റെ നാട് (b) എന്റെ കേരളം

(c) നമ്മുടെ കേരളം (d) മലയാള നാട്

**Ans : 1. (d), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

February
16-17




FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

TALENT
PSC Academy
a Veranda Enterprise
AMMU'S COMPLEX,
OPPOSITE ARIES PLEX THEATRE,
THIRUVANANTHAPURAM
8590 575 713

## Appointments

- 2026 ഫെബ്രുവരിയിൽ ഗിഫ്റ്റ് സിറ്റി ചെയർമാനായി നിയമിതനായത്

**ഉദയ് കൊട്ടക്**

  - കൊട്ടക് മഹീന്ദ്ര ബാങ്കിന്റെ സ്ഥാപകനാണ് അദ്ദേഹം
  - GIFT City - **Gujarat International Finance Tec-City**

- 2026 ഫെബ്രുവരിയിൽ ഐ.സി.എ.ഐ.യുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

**പ്രസന്ന കുമാർ ഡി**

  - 2026-27 കാലയളവിലേക്കാണ് തിരഞ്ഞെടുക്കപ്പെട്ടത്
  - ICAI - **Institute of Chartered Accountants of India**

- ഡാർജിലിംഗ് ഹിമാലയൻ റെയിൽവേയുടെ ആദ്യ വനിതാ ട്രെയിൻ ടിക്കറ്റ് എക്സാമിനറായി നിയമിതയായത്

**സരിത യോൽമോ**

## Kerala

- കേരള ഗ്രഫീൻ പോളിസിക്ക് അംഗീകാരം നൽകി

  - ഭാവിയിലെ അത്ഭുത പദാർത്ഥമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഗ്രഫീൻ ഉൽപ്പാദനത്തിലും ഗവേഷണത്തിലും ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമാകാൻ കേരളം ഒരുങ്ങുന്നു. സംസ്ഥാനത്ത് ഗ്രഫീൻ ആവാസ വ്യവസ്ഥയെ പ്രോത്സാഹിപ്പിക്കുന്ന കേരള ഗ്രഫീൻ പോളിസിക്ക് അംഗീകാരം നൽകി.

- ഇന്ത്യൻ തപാൽ വകുപ്പ് 'പപ്പറ്റ്സ് ഓഫ് ഇന്ത്യ'എന്ന പേരിൽ പുറത്തിറക്കിയ സ്മാരക സ്റ്റാമ്പ് പരമ്പരയിൽ കേരളത്തിൽ നിന്നും ഇടംപിടിച്ച കലാരൂപം

**പാവക്കഥകളി**

  - പപ്പറ്റ്സ് ഓഫ് ഇന്ത്യ (Puppets of India) എന്ന പേരിൽ ഇന്ത്യയിലെ പാവകളി പാരമ്പര്യത്തെ ആദരിക്കുന്നതിനായി 8 സ്മാരക സ്റ്റാമ്പുകളാണ് തപാൽ വകുപ്പ് പുറത്തിറക്കിയത്.
  - അവയിൽ ഓരോന്നും ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള വ്യത്യസ്തമായ പരമ്പരാഗത പാവകളി രൂപങ്ങളെ പ്രതിനിധാനം ചെയ്യുന്നു.

## National

- വടക്കുകിഴക്കൻ ഇന്ത്യയിലെ ആദ്യ എമർജൻസി ലാൻഡിങ് ഫെസിലിറ്റി അസമിൽ ഉദ്ഘാടനം ചെയ്തത്

  **നരേന്ദ്രമോദി**

  - വടക്കുകിഴക്കൻ ഇന്ത്യയിലെ ആദ്യ എമർജൻസി ലാൻഡിങ് സൗകര്യത്തിൽ സി 130 ജെ വിമാനത്തിൽ അദ്ദേഹം പറന്നിറങ്ങി
  - ലാൻഡിങിന് ശേഷം തേജസ്, സുഖോയ്, റഫാൽ തുടങ്ങിയ യുദ്ധവിമാനങ്ങൾ അണിനിരന്ന 40 മിനിറ്റ് നീണ്ട വ്യോമാഭ്യാസ പ്രകടനത്തിന് പ്രധാനമന്ത്രി സാക്ഷ്യം വഹിച്ചു.
  - യുദ്ധവിമാനങ്ങൾക്കും ട്രാൻസ്പോർട്ട് വിമാനങ്ങൾക്കും ഒരേപോലെ ഉപയോഗിക്കാൻ കഴിയുന്നതാണ് അസമിൽ ഒരുങ്ങിയ എമർജൻസി ലാൻഡിങ് ഫെസിലിറ്റി.

- രാജ്യത്തെ ആദ്യത്തെ അണ്ടർവാട്ടർ ടിൻ ട്യൂബ് റോഡ് കം റെയിൽ ടണൽ പദ്ധതി നിലവിൽ വരുന്ന നദി

  **ബ്രഹ്മപുത്ര**

  - അസമിലെ ബ്രഹ്മപുത്ര നദിക്കടിയിൽ നിർമ്മിക്കുന്ന രാജ്യത്തെ ആദ്യത്തെ അണ്ടർവാട്ടർ ടിൻ ട്യൂബ് റോഡ് കം റെയിൽ ടണൽ പദ്ധതിയുടെ നിർമ്മാണത്തിന് കേന്ദ്രം അംഗീകാരം നൽകി.
  - അസമിലെ ഗോഹ്പൂർ (എൻഎച്ച് 15) മുതൽ നുമലിഗഡ് (എൻഎച്ച് 715) വരെയുള്ള 4 വരി ആക്സസ്നിയന്ത്രിത ഗ്രീൻഫീൽഡ് ഹൈവേ കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുന്നു.

- ഇന്ത്യയിലെ ആദ്യത്തെ പശു സംസ്കാര മ്യൂസിയം സ്ഥാപിതമാകുന്നത്

  **മഥുര** (ഉത്തർപ്രദേശ് )

  - കന്നുകാലികളുടെ മതപരവും സാംസ്കാരികവും ആത്മീയവുമായ പ്രാധാന്യവും പശുക്കളുടെയും അവയുടെ ഉൽപ്പന്നങ്ങളുടെയും ശാസ്ത്രീയ ഉപയോഗവും പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതായിരിക്കും മ്യൂസിയം

- ഇന്റർനാഷണൽ മിലിട്ടറി അഡ്വഞ്ചർ ചലഞ്ച് കപ്പ് (IMACC) 2026 ന്റെ വേദി

  **ഇന്ത്യ**

  - കിഴക്കൻ ഹിമാലയത്തിന്റെ താഴ്വരയിൽ വെച്ച് ഇന്ത്യൻ സൈന്യം ആദ്യമായി ഇന്റർനാഷണൽ മിലിട്ടറി അഡ്വഞ്ചർ ചലഞ്ച് കപ്പ് (IMACC) 2026 ആതിഥേയത്വം വഹിക്കും.
  - ഭൂട്ടാൻ, ബ്രസീൽ, കസാക്കിസ്ഥാൻ, കിർഗിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക, സൗദി അറേബ്യ എന്നീ ഏഴ് സൗഹൃദ വിദേശ രാജ്യങ്ങളിൽ നിന്നുള്ള ടീമുകളും ഇന്ത്യൻ സൈന്യം, ഇന്ത്യൻ വ്യോമസേന, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, ഇന്തോ-ടിബറ്റൻ ബോർഡർ പോലീസ് (ITBP) എന്നീ ടീമുകളും IMACC 2026 ൽ പങ്കെടുക്കും.

- ഗോവയിലെ ആദ്യത്തെ ജൈവവൈവിധ്യ, സാംസ്കാരിക ഭൂപടം പുറത്തിറക്കി
  - വേൾഡ് വൈൽഡ്ലൈഫ് ഫണ്ട് (WWF) ഇന്ത്യ സംസ്ഥാനത്തെ ആദ്യത്തെ ജൈവവൈവിധ്യ, സാംസ്കാരിക സവിശേഷത ഭൂപടം പുറത്തിറക്കി.
  - സംസ്ഥാനത്ത് സാധാരണയായി കാണപ്പെടുന്ന 48 സ്പീഷീസുകളെയും പരമ്പരാഗത കലാരൂപങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ ഭൂപടത്തിൽ നിന്ന് ലഭിക്കും,

**<u>Today's MCQ</u>**

1. താരിഖ് റഹ്മാൻ ഏത് രാജ്യത്തിന്റെ പ്രധാനമന്ത്രിയായാണ് ചുമതലയേൽക്കുന്നത് ?
   (a) ഇറാൻ (b) ബംഗ്ലാദേശ്
   (c) പാകിസ്ഥാൻ (d) മലേഷ്യ
2. 2026-ൽ നിശാഗന്ധി പുരസ്കാരം നേടിയത്
   (a) പണ്ഡിറ്റ് രാജേന്ദ്ര ഗംഗാനി (b) ചിത്ര വിശ്വേശ്വരൻ
   (c) പത്മ സുബ്രഹ്മണ്യം (d) ദർശന ജാവേരി

**Ans : 1. (b), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY 2K26
18





FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 18 FEBRUARY 2026

## Appointment

- ഇന്ത്യൻ സൂപ്പർ ലീഗിൽ (ISL) ഒരു ക്ലബ്ബിന്റെ മുഴുവൻ സമയ മുഖ്യപരിശീലകനാകുന്ന ആദ്യ മലയാളി

**ടി.ജി. പുരുഷോത്തമൻ**

- ഒഡീഷ എഫ്.സി യുടെ ഹെഡ് കോച്ച് ആയിട്ടാണ് തിരഞ്ഞെടുക്കപ്പെട്ടത്
- 2022 മുതൽ കേരള ബ്ലാസ്റ്റേഴ്സ് സഹപരിശീലകനായിരുന്നു. കഴിഞ്ഞ സീസണിൽ മിക്കേൽ സ്റ്റാറേയെ നീക്കം ചെയ്ത ഘട്ടത്തിൽ മുഖ്യ പരിശീലകനായി. 12 മത്സരങ്ങളിൽ നയിച്ചു.
- 2001, 2004 സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിന്റെ ഗോൾ കീപ്പറായിരുന്നു.

## Kerala

- രാജ്യത്തെ ആദ്യ സമ്പൂർണ സോളാർ വാട്ടർ ട്രാൻസ്പോർട്ട് സ്റ്റേഷനാകുന്നത്

**വൈക്കം**

- വൈക്കത്തു നിന്ന് തവണക്കടവിലേക്ക് സർവീസ് നടത്തുന്ന ഡീസൽ ബോട്ടുകൾക്ക് പകരമായാണ് ആധുനിക സൗകര്യങ്ങളോടെ നിർമിച്ച സോളാർ ബോട്ടുകൾ വരുന്നത്.
- 2017 മുതൽ സർവീസ് നടത്തുന്ന 'ആദിത്യ'യാണ് രാജ്യത്തെ ആദ്യ സോളാർ യാത്രാ ബോട്ട്.

- ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകളിലെ കുട്ടികളുടെ നേതൃത്വത്തിൽ ആറ് ലക്ഷം രക്ഷിതാക്കൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) പരിശീലനം നൽകുന്ന പദ്ധതി

**സർവം എ.ഐ മയം**

- രാജ്യത്തെ മുതിർന്നവർക്കുള്ള ഏറ്റവും വലിയ എ.ഐ സാക്ഷരതാ യജ്ഞമാകും ഇത്.
- 2023-24 കാലയളവിൽ നാല് ലക്ഷം രക്ഷിതാക്കൾക്ക് സൈബർ സുരക്ഷാ പരിശീലനം നൽകിയതിന്റെ വിജയകരമായ തുടർച്ചയായാണ് പുതിയ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

- സംസ്ഥാനത്തെ വ്യവസായ മേഖലയിൽ അപകടങ്ങൾ പൂർണ്ണമായി ഒഴിവാക്കി 'വിഷൻ സീറോ' എന്ന ലക്ഷ്യം കൈവരിക്കാനായി തൊഴിൽ വകുപ്പ് ആവിഷ്കരിച്ച പദ്ധതി

**കെ-സേഫ്**

- K-SAFE - **Kerala Spatial Administration for Factory Enforcement**
- സംസ്ഥാനത്തെ ഫാക്ടറികളെയും ബോയിലറുകളെയും ഒരു ഡിജിറ്റൽ ഭൂപടത്തിൽ ഏകോപിപ്പിക്കുന്നതിനായി 'ഫാബ് ജി.ഐ.എസ്' (FAB GIS) എന്ന വെബ് പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. ഇതോടെ ഫാക്ടറി രേഖകൾ പേപ്പർ ഫയലുകളിൽ നിന്നും മാറി ഡിജിറ്റൽ മാപ്പുകളിലേക്ക് മാറും.

- രാജ്യത്തെ ആദ്യ അവയവമാറ്റ ആശുപത്രിക്ക് ആലിൻ ഷെറിന്റെ പേരുനൽകും
  - കോഴിക്കോട്ട് സ്ഥാപിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ആലിൻ ഷെറിന്റെ പേര് നൽകുമെന്ന് മുഖ്യമന്ത്രി കുടുംബത്തെ അറിയിച്ചു
  - ഇന്ത്യയിലെ ഏറ്റവും പ്രായംകുറഞ്ഞ അവയവ ദാതാവാണ് ആലിൻ ഷെറിൻ

## National

- അപൂർവ്വ രോഗങ്ങളായ 'ലൈസോസോമൽ സ്റ്റോറേജ് ഡിസോർഡേഴ്സ്' (Lysosomal Storage Disorders - LSDs) പഠനത്തിനും ചികിത്സയ്ക്കുമായി ഇന്ത്യയിലെ ആദ്യത്തെ സർക്കാർ പിന്തുണയോടു കൂടിയുള്ള നാഷണൽ ബയോബാങ്ക് സ്ഥാപിതമായത്

**FRIGE ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ ജനറ്റിക്സ്, അഹമ്മദാബാദ്**

  - അപൂർവ്വ ജനിതക രോഗങ്ങളായ LSD-കളെക്കുറിച്ച് പഠിക്കാനും മരുന്നുകൾ കണ്ടെത്താനുമായി ഇന്ത്യാ ഗവൺമെന്റിന്റെ പിന്തുണയോടെ ആരംഭിച്ച രാജ്യത്തെ ആദ്യത്തെ ബയോബാങ്ക് ആണിത്.
  - ശരീരത്തിലെ ഉപാപചയ പ്രവർത്തനങ്ങളെ ബാധിക്കുന്ന 70 ഓളം വരുന്ന അപൂർവ്വ ജനിതക രോഗങ്ങളുടെ ഗ്രൂപ്പ് ആണ് LSD.
  - ശരീരകോശങ്ങളിലെ 'ലൈസോസോമുകൾ' (Lysosomes) മാലിന്യങ്ങളെ വിഘടിപ്പിക്കാൻ ആവശ്യമായ എൻസൈമുകളെ ഉത്പാദിപ്പിക്കാതെ വരുമ്പോഴാണ് ഈ രോഗം ഉണ്ടാകുന്നത്. ഇത് വിഷാംശമുള്ള പദാർത്ഥങ്ങൾ കോശങ്ങളിൽ അടിഞ്ഞുകൂടാൻ കാരണമാകുന്നു.

## International

- വുമൺ, പീസ് ആൻഡ് സെക്യൂരിറ്റി ഇൻഡക്സ് 2025-26 ഒന്നാമതുള്ള രാജ്യം

**ഡെന്മാർക്ക്**

  - രണ്ടാം സ്ഥാനത്ത് - **ഐസ്‌ലൻഡ്**
  - മൂന്നാം സ്ഥാനത്ത് - **നോർവേ**
  - ഇന്ത്യയുടെ സ്ഥാനം - **131** (ഫിലിപ്പൈൻസ് - 131)
  - പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ജോർജ്ജ് ടൗൺ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിമൻ, പീസ് ആൻഡ് സെക്യൂരിറ്റിയാണ് WPS സൂചിക നിർമ്മിച്ചത്.

- 2026 ഫെബ്രുവരിയിൽ ഇറാൻ-അമേരിക്ക രണ്ടാംഘട്ട ആണവ ചർച്ചയ്ക്ക് വേദിയാകുന്നത്

**ജനീവ** (സ്വിറ്റ്സർലൻഡ്)

  - ആദ്യഘട്ട ചർച്ച നടന്നത് - **മസ്കറ്റ്** (ഒമാൻ)

## Defence

- മിലാൻ 2026 ന്റെ വേദി

**വിശാഖപട്ടണം**

  - അഭ്യാസത്തിന് മുന്നോടിയായി ഇന്ത്യൻ നാവികസേന വിശാഖപട്ടണത്ത് മിലാൻ ഗ്രാമം ഉദ്ഘാടനം ചെയ്തു.

## Sports

- ഇന്ത്യൻ സൂപ്പർ ലീഗിന്റെ ചരിത്രത്തിലെ ഏറ്റവും പ്രായം കൂടിയ ഗോൾ സ്കോറർ എന്ന റെക്കോർഡ് സ്വന്തമാക്കിയത്

**സുനിൽ ഛേത്രി**

  - 41 വയസ്സും 6 മാസവും 12 ദിവസവും പ്രായമായപ്പോഴാണ് താരം ചരിത്രംകുറിച്ചത്.
  - മുമ്പ് ഫ്രഞ്ച് ലോകകപ്പ് ജേതാവായ Robert Pires-ന്റെ (41 വയസ്സ്, 15 ദിവസം) റെക്കോർഡായിരുന്നു ഇത്.

## Demise

- 2026 ഫെബ്രുവരിയിൽ അന്തരിച്ച ഇന്റർനെറ്റിന്റെ മുത്തച്ഛൻ എന്നറിയപ്പെടുന്ന വ്യക്തി

**David J. Farber**

- കമ്പ്യൂട്ടർ നെറ്റ്‌വർക്കിംഗിന് നൽകിയ നിർണായക സംഭാവനകളെ മാനിച്ച് 'ഇന്റർനെറ്റിന്റെ മുത്തച്ഛൻ' (Grandfather of the Internet) എന്ന് അറിയപ്പെട്ടു
- ഇന്നത്തെ ഇന്റർനെറ്റിന്റെ വികസനത്തിന് നിർണായകമായ പല ഗവേഷണങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകി

**Today's MCQ**

1. 2026 ഫെബ്രുവരിയിൽ ഗിഫ്റ്റ് സിറ്റി ചെയർമാനായി നിയമിതനായത്

(a) സഞ്ജയ് കൗൾ (b) കെ. രാജരാമൻ

(c) തപൻറായ് (d) ഉദയ് കൊട്ടക്

2. ഇന്റർനാഷണൽ മിലിട്ടറി അഡ്വഞ്ചർ ചലഞ്ച് കപ്പ് (IMACC) 2026 ന്റെ വേദി

(a) ഭൂട്ടാൻ (b) ഇന്ത്യ

(c) നേപ്പാൾ (d) ശ്രീലങ്ക

**Ans : 1. (d), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY 2K26
19



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 19 FEBRUARY 2026

## Awards

**സ്വരാജ് ട്രോഫി 2024-25** (പ്രഖ്യാപിച്ചത് 2026)

- **മികച്ച ഗ്രാമപഞ്ചായത്ത്**
  - ഒന്നാമത് – **ഉഴമലയ്ക്കൽ** (തിരുവനന്തപുരം)
  - രണ്ടാമത് – **എളവള്ളി** (തൃശൂർ)
  - മൂന്നാമത് – **മണിയൂർ** (കോഴിക്കോട്)
- **മികച്ച ബ്ലോക്ക് പഞ്ചായത്ത്**
  - ഒന്നാമത് – **നേമം** (തിരുവനന്തപുരം)
  - രണ്ടാമത് – **കൊടകര** (തൃശൂർ)
  - മൂന്നാമത് – **പെരുമ്പടപ്പ്** (മലപ്പുറം) & **ഉഴവൂർ** (കോട്ടയം)
- **മികച്ച ജില്ലാ പഞ്ചായത്ത്**
  - ഒന്നാമത് – **കൊല്ലം**
  - രണ്ടാമത് – **കണ്ണൂർ**
- **മികച്ച നഗരസഭ**
  - ഒന്നാമത് – **ഗുരുവായൂർ** (തൃശൂർ)
  - രണ്ടാമത് – **മട്ടന്നൂർ** (കണ്ണൂർ)
  - മൂന്നാമത് – **കുന്നംകുളം** (തൃശൂർ)
- മികച്ച കോർപ്പറേഷൻ

  **തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ**

  തൊഴിലുറപ്പ് പദ്ധതി പുരസ്കാരങ്ങൾ

  **മഹാത്മാ അയ്യങ്കാളി പുരസ്കാരം** (നഗരം)
- **മികച്ച മുനിസിപ്പാലിറ്റി**
  - ഷൊർണ്ണൂർ (ഒന്നാം സ്ഥാനം)
  - താനൂർ (രണ്ടാം സ്ഥാനം).
- മികച്ച കോർപ്പറേഷൻ – **കൊല്ലം**
- **മഹാത്മാ അവാർഡ്** (ഗ്രാമീണം സംസ്ഥാനതലം)

  **ബ്ലോക്ക് പഞ്ചായത്ത്**

  1. പെരുങ്കടവിള, 2. ചിറയിൻകീഴ്, 3. നേമം (എല്ലാം തിരുവനന്തപുരം ജില്ല).
- **ഗ്രാമപഞ്ചായത്ത്**

  1. എടവക (വയനാട്), 2. കള്ളിക്കാട് (തിരുവനന്തപുരം), 3. പെരുങ്കടവിള (തിരുവനന്തപുരം)

## Appointment

- 2026 ഫെബ്രുവരിയിൽ ബംഗ്ലാദേശിന്റെ പുതിയ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്

**താരിഖ് റഹ്മാൻ** (ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി (BNP))

  - സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യൻ പ്രധാനമന്ത്രിക്ക് വേണ്ടി ലോക്സഭാ സ്പീക്കർ ഓം ബിർള പങ്കെടുത്തു
  - ബംഗ്ലാദേശിലെ പുതിയ പ്രതിപക്ഷ നേതാവായി ഷഫീഖുർ റഹ്മാനെ തിരഞ്ഞെടുത്തു

- പി.എസ്.എൽ.വി. സി 62 വിക്ഷേപണ പരാജയത്തെക്കുറിച്ച് പഠിക്കാൻ കേന്ദ്ര സർക്കാർ ഉന്നതതല അന്വേഷണ സമിതിയെ നിയോഗിച്ചു
  - അധ്യക്ഷൻ – **പ്രൊഫ. കെ. വിജയരാഘവൻ**
  - ഉപാധ്യക്ഷൻ – **എസ്. സോമനാഥ്** (മുൻ ഐ.എസ്.ആർ.ഒ ചെയർമാൻ)
  - 2026 ജനുവരി 12ന് പി.എസ്.എൽ.വി സി 62 വിക്ഷേപിച്ചു

## Kerala

- കേരള സാഹിത്യ അക്കാദമി ഭരണസമിതിയുടെ കാലാവധി നീട്ടി
  - അധ്യക്ഷൻ – **കെ.സച്ചിദാനന്ദൻ**
  - ആസ്ഥാനം – **തൃശൂർ**
  - സാഹിത്യ അക്കാദമി രൂപീകൃതമായത് – **1956**

- എ.കെ. ഗോപാലന്റെ സ്മരണയ്ക്കായി കേരള സർക്കാർ നിർമ്മിച്ച 'എ.കെ.ജി സ്മാരക മ്യൂസിയം' നിലവിൽ വരുന്നത്

**പെരളശ്ശേരി** (കണ്ണൂർ )

## National

- എവറസ്റ്റ് കൊടുമുടിയിൽ ലാൻഡ് ചെയ്ത് റെക്കോർഡ് സ്ഥാപിച്ച ഫ്രഞ്ച് നിർമ്മിത ഹെലികോപ്റ്റർ

**എച്ച് 125**

  - എച്ച് 125 ഹെലികോപ്റ്ററുകൾ നിർമ്മിക്കുന്ന അസംബ്ലി യൂണിറ്റ് വരുന്നത് കർണാടകയിലെ കോലാറിന് സമീപമുള്ള വെമഗലിലാണ്

## Sports

- T20 ക്രിക്കറ്റിൽ 700 വിക്കറ്റെടുക്കുന്ന ആദ്യ താരം

**റാഷിദ് ഖാൻ**

- 2026 FIDE ഫ്രീസ്റ്റൈൽ ചെസ്സ് ചാമ്പ്യൻഷിപ്പ് നേടിയത്

**മാഗ്നസ് കാൾസൺ**

  - ഫൈനലിൽ ഫബിയാനോ കരുവാനയെയാണ് അദ്ദേഹം തോൽപ്പിച്ചത്.
  - ആദ്യത്തെ ഫ്രീസ്റ്റൈൽ ചെസ്സ് ചാമ്പ്യൻഷിപ്പാണ് നടന്നത്

- T-20 ലോകകപ്പിൽ സെഞ്ചുറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം

**യുവരാജ് സമ്ര**

**Today's MCQ**

1. വുമൺ, പീസ് ആൻഡ് സെക്യൂരിറ്റി ഇൻഡക്സ് 2025-26 ഒന്നാമതുള്ള രാജ്യം

(a) ഡെന്മാർക്ക് (b) ഐസ്‌ലൻഡ്

(c) നോർവേ (d) ഫിലിപ്പൈൻസ്

2. 2026 ഫെബ്രുവരിയിൽ ഇറാൻഅമേരിക്ക രണ്ടാംഘട്ട ആണവ ചർച്ചയ്ക്ക് വേദിയാകുന്നത്

(a) മസ്കറ്റ് (b) ജനീവ

(c) ദോഹ (d) അബുദാബി

**Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY 2K26
20



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 20 FEBRUARY 2026

## Awards

### ബിബിസി ഇന്ത്യൻ സ്പോർട്സ് വുമൺ ഓഫ് ദ ഇയർ അവാർഡ് 2025

- മികച്ച വനിതാ താരം - **സ്മൃതി മന്ഥാന**
- എമർജിങ് പ്ലേയർ - **ദിവ്യ ദേശ്മുഖ്**
  - 2025 ൽ വനിത ചെസ്സ് ലോകകപ്പ് നേടിയ ഇന്ത്യൻ താരം
  - ഇന്ത്യയുടെ 88-ാമത് - **ഗ്രാന്റ്മാസ്റ്റർ**
- മികച്ച വനിത പാരാ സ്പോർട്സ് താരം - **പ്രീതി പാൽ**
  - 2024 പാരാലിമ്പിക്സിൽ 100, 200 മീറ്റർ ഓട്ടത്തിൽ വെങ്കലം (ഒരു പാരാലിമ്പിക്സിൽ 2 അത്‌ലറ്റിക് മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ താരം)
- ലൈഫ് ടൈം അച്ചീവ്മെന്റ് - **അഞ്ജലി ഭഗവത്**
  - ഖേൽരത്ന അവാർഡ് നേടിയ ആദ്യ വനിതാ ഷൂട്ടർ (2002)

## Kerala

- കായലിന് കുറുകെ നിർമ്മിച്ച കേരളത്തിലെ ഏറ്റവും നീളം കൂടിയ പാലം

  **പെരുമ്പളം പാലം** (ആലപ്പുഴ)
  - പെരുമ്പളത്തിനെ അരൂക്കുറ്റിയുമായി ബന്ധിപ്പിക്കുന്നു
  - വേമ്പനാട് കായലിന്റെ കുറുകെയാണ് ഇത് നിർമ്മിക്കുന്നത്.
- 2025-ലെ കണക്കുകൾ പ്രകാരം കേരളത്തിൽ ഏറ്റവും കൂടുതൽ ആഭ്യന്തര വിനോദസഞ്ചാരികൾ എത്തിയ ജില്ല

  **ഇടുക്കി**
  - ഏറ്റവും കൂടുതൽ വിദേശ വിനോദ സഞ്ചാരികൾ എത്തിയത് എറണാകുളം ജില്ലയിലാണ്.

## National

- ഗ്രേറ്റ് നിക്കോബാർ സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി രാജ്യാന്തര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ നിർമ്മിക്കാൻ നിശ്ചയിച്ചിരിക്കുന്ന, പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശം

  **ഗലാത്തിയ ബേ**
  - ഗ്രേറ്റ് നിക്കോബാർ സമഗ്ര വികസന പദ്ധതിക്ക് ദേശീയ ഹരിത ട്രൈബ്യൂണൽ (NGT) അനുമതി നൽകി.
  - ഗലാത്തിയ ബേ ലെതർബാക്ക് കടലാമകളുടെ പ്രജനന കേന്ദ്രമാണ് ,പദ്ധതി വരുന്നതോടെ ഇവയുടെ ആവാസവ്യവസ്ഥ തകരുമെന്ന് പരിസ്ഥിതി പ്രവർത്തകർ വാദിക്കുന്നു.
- ഡ്രോണുകൾക്കും റിമോട്ട് പൈലറ്റഡ് എയർക്രാഫ്റ്റുകൾക്കും മാത്രമായുള്ള ഇന്ത്യയിലെ ആദ്യത്തെ സമർപ്പിത എയർബേസ് സ്ഥാപിക്കുന്നത്

  **മീററ്റ്** (ഉത്തർപ്രദേശ്)
  - 2025-ൽ നടന്ന 'ഓപ്പറേഷൻ സിന്ദൂർ' സൈനിക നീക്കത്തിൽ ഡ്രോണുകൾ വഹിച്ച നിർണ്ണായക പങ്കാണ് ഇത്തരമൊരു എയർബേസ് സ്ഥാപിക്കാൻ കാരണമായത്.

- കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് പഠിക്കാനും ഫെഡറൽ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി 2025-ൽ തമിഴ്നാട് സർക്കാർ നിയോഗിച്ച സമിതിയുടെ അധ്യക്ഷൻ

**ജസ്റ്റിസ് കുര്യൻ ജോസഫ്**

  - ഈ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു
  - ദേശീയ തലത്തിൽ ചർച്ചയാക്കുന്നതിനായി മലയാളം, ഇംഗ്ലീഷ്, തമിഴ് ഉൾപ്പെടെ 12 ഭാഷകളിൽ ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കും.
  - കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് പഠിക്കാൻ തമിഴ്നാട് കൊണ്ടുവരുന്ന രണ്ടാമത്തെ കമ്മീഷനാണിത് (ആദ്യം - **രാജ മന്നാർ കമ്മിറ്റി** (1969-ൽ രൂപികരിച്ചു, 1971-ൽ റിപ്പോർട്ട് സമർപ്പിച്ചു)
  - കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ കുറിച്ച് പഠിക്കാൻ കേന്ദ്ര ഗവൺമെൻറ് നിയമിച്ച ആദ്യ കമ്മീഷൻ സർക്കാരിയ കമ്മീഷൻ (1983)
    - ഇന്ദിരാഗാന്ധി ഗവൺമെന്റ് നിയമിച്ചു, 1988-ൽ റിപ്പോർട്ട് സമർപ്പിച്ചു
    - ചെയർമാൻ - **രഞ്ജിത് സിംഗ് സർക്കാരിയ**
  - കേന്ദ്രസംസ്ഥാന ബന്ധങ്ങളെ കുറിച്ച് പഠിക്കാൻ കേന്ദ്ര ഗവൺമെന്റ് നിയമിച്ച രണ്ടാമത്തെ കമ്മീഷൻ - **പുഞ്ചി കമ്മീഷൻ** (2007)
    - 2010-ൽ റിപ്പോർട്ട് സമർപ്പിച്ചു, അധ്യക്ഷൻ - **മദൻ മോഹൻ പുഞ്ചി**

- സൗന്ദല ഗ്രാമം സ്ഥിതി ചെയ്യുന്ന സംസ്ഥാനം

**മഹാരാഷ്ട്ര**

  - മഹാരാഷ്ട്രയിലെ അഹല്യനഗർ (പഴയ അഹമ്മദ്നഗർ) ജില്ലയിൽ സ്ഥിതി ചെയ്യുന്നു
  - ഇവിടെ അടുത്തിടെ 'ജാതിരഹിത ഗ്രാമം' എന്ന പ്രമേയം പാസാക്കി
  - എന്റെ ജാതി മനുഷ്യൻ' (My Caste is Human / മറാത്തിയിൽ: Majhi Jaat Manav) എന്ന തത്വമാണ് ഗ്രാമം ഔദ്യോഗികമായി സ്വീകരിച്ചിരിക്കുന്നത്.

- ഇന്ത്യയിലെ ആദ്യത്തെ സി.ബി.ഡി.സി (e-Rupee) അധിഷ്ഠിത പൊതുവിതരണ സംവിധാനം ഉദ്ഘാടനം ചെയ്തത്

**ഗുജറാത്ത്**

  - ഇന്ത്യയിൽ ആദ്യമായാണ് റേഷൻ വിതരണത്തിന് റിസർവ് ബാങ്കിന്റെ ഡിജിറ്റൽ കറൻസിയായ ഇ-റുപ്പി (e-Rupee / CBDC) ഉപയോഗിക്കുന്നത്.
  - CBDC **-Central Bank Digital Currency**

## International

- ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഡിജിറ്റൽ കണക്ടിവിറ്റി ശക്തമാക്കുന്നതിനായി ഗൂഗിൾ നടപ്പിലാക്കുന്ന സമുദ്രത്തിനടിയിലുള്ള കേബിൾ ശൃംഖല

**അമേരിക്ക-ഇന്ത്യ കണക്ട്**

- 2026 BAFTA അവാർഡ് വേദിയിൽ അവതാരകയാകുന്ന ബോളിവുഡ് നടി

**ആലിയ ഭട്ട്**

- അടുത്തിടെ ആർട്ടിക് സെൻട്രി എന്ന ദൗത്യം ആരംഭിച്ച സംഘടന

  **NATO** (North Atlantic Treaty Organization )

  - ആർട്ടിക് മേഖലയിലെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണിത്
  - 1949 ഏപ്രിൽ 4നാണ് നാറ്റോ രൂപീകരിച്ചത്.
  - ബെൽജിയത്തിന്റെ തലസ്ഥാനമായ ബ്രസ്സൽസിലാണ് നാറ്റോയുടെ ആസ്ഥാനം
  - നിലവിൽ 32 അംഗങ്ങൾ (സ്വീഡൻ  അവസാനമായി അംഗമായി)
  - നിലവിലെ നാറ്റോ സെക്രട്ടറി ജനറൽ  - **മാർക്ക് റൂട്ടെ**

**Today's MCQ**

1. 2024-25 സ്വരാജ് ട്രോഫിയിൽ മികച്ച ഗ്രാമപഞ്ചായത്തായി തിരഞ്ഞെടുക്കപ്പെട്ടത്

   (a) പുല്ലമ്പാറ    (b) ഉഴമലയ്ക്കൽ

   (c) എളവള്ളി    (d) മണിയൂർ

2. T-20 ലോകകപ്പിൽ സെഞ്ചറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം

   (a) ഡെവാൾഡ് ബ്രവിസ്    (b) ഇബ്രാഹിം സദ്രാൻ

   (c) അഭിഷേക് ശർമ്മ    (d) യുവരാജ് സമ്ര

**Ans : 1. (b), 2. (d)**

TALENT PSC Academy a Veranda Enterprise

# DAILY CURRENT AFFAIRS
# STUDY NOTES 21 FEBRUARY 2026

## Awards

### 2025-ലെ കേരള സംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ

- **ഫെലോഷിപ്പ് നേടിയവർ**
  - **വേണുജി** (കൂടിയാട്ടം ആചാര്യൻ)
  - **കൈതപ്രം ദാമോദരൻ നമ്പൂതിരി** (സംഗീത സംവിധായകൻ, ഗാനരചയിതാവ്)
  - **ജയപ്രകാശ് കുളൂർ** (നാടക സംവിധായകൻ, നാടകകൃത്ത്)
- **അക്കാദമി പുരസ്കാരം**
  - ഡോ.എൻ.ജെ.നന്ദിനി (ശാസ്ത്രീയ സംഗീതം)
  - സി.എസ്.അനുരൂപ് (വയലിൻ)
  - പ്രൊഫ. കലാമണ്ഡലം കൃഷ്ണകുമാർ (മൃദംഗം)
  - ഷോമി ഡേവിസ് (ഡ്രംസ്, പാശ്ചാത്യവാദ്യങ്ങൾ)
  - ജെൻസി (ലളിതസംഗീതം)
  - ഗായത്രി അശോകൻ (ഹിന്ദുസ്ഥാനി ക്ലാസിക്കൽ)
  - കക്കാട് രാജപ്പൻ മാരാർ (ചെണ്ട)
  - ചിത്ര സുകുമാരൻ (മോഹിനിയാട്ടം)
  - ഷഫീക്കുദ്ദീൻ ബി.കെ (ഭരതനാട്യം)
  - മനോജ് നാരായണൻ (നാടകം, സംവിധാനം)
  - സീത ശശിധരൻ (നൃത്തം)
  - കലാമണ്ഡലം സന്ധ്യ രാമചന്ദ്രൻ (നാടകം, നടി)
  - മനോജ് കോതമംഗലം (നാടകം, നടൻ)
  - തേക്കടി ശ്യാംലാൽ (നൃത്ത നാടകം)
  - വിജയൻ കടമ്പേരി (നാടകം, രംഗരൂപകൽപന)
  - രാജീവ് നരിക്കൽ (കഥാപ്രസംഗം)
  - ഡോ.ജോയ് കൃഷ്ണൻ (കേരള നടനം)
  - സൈനൻ കെടാമംഗലം (മിമിക്രി)

**ഗുരു പൂജാ അവാർഡ്**

- സി.എസ്.നാരായണൻ നമ്പൂതിരി (കർണ്ണാടക സംഗീതം, വായ്പ്പാട്ട്)
- പ്രൊഫ. ആർ.മനോജ് കുമാർ (വയലിൻ)

- കരുനാഗപ്പള്ളി കൃഷ്ണൻകുട്ടി (നാടകം)
- എൻ.സുലോചന (നാടകം, നടി)
- മോഹൻകൃഷ്ണൻ (നാടകം)
- പറവൂർ വിശ്വനാഥൻ (പുല്ലാങ്കുഴൽ)
- കവിയൂർ സദാശിവ മാരാർ (പഞ്ചവാദ്യം, തിമില)
- ആര്യാട് വല്ലഭദാസ് (കഥാപ്രസംഗം)
- കെ ആർ മോഹൻദാസ് (നാടകം, സംവിധാനം)
- കെ സി കൃഷ്ണൻ പയ്യന്നൂർ (നാടക നടൻ)
- കലാഭവൻ റഹ്മാൻ (മിമിക്രി)
- ശിവൻ അയോധ്യ (നാടക നടൻ)
- പേരാമംഗലം വിജയൻ (കൊമ്പ്)
- തേക്കടി രാജൻ (ലളിതസംഗീതം)
- ഉഷാധരൻ (നാടകം, നടൻ)
- ഏഷ്യാഡ് ശശി മാരാർ (ഇളത്താളം)
- എൽ. തങ്കമ്മ (ആലപ്പി തങ്കം) (നാടകം, നടി)
- സി.ആർ. രമാദേവി (നാടകം, നടി)
- ശാലു മേനോൻ (നൃത്തനാടകം)
- കലാനിലയം ഗോപി (കഥകളി വേഷം)
- കലാമണ്ഡലം ശ്രീകുമാർ (കഥകളി വേഷം)
- തൃശൂർ ജനാർദ്ദനൻ (സംഗീതം, നൃത്തം)

## Book and Author

- ഗസ്സയിലെ കുട്ടികൾ എന്ന ബുക്ക് എഴുതിയത്

**ടി. പത്മനാഭൻ**

## Kerala

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെ-സ്മാർട്ട് (K-SMART) വഴി ഏറ്റവും കൂടുതൽ സേവനങ്ങൾ നൽകിയ (2026 ജനുവരി വരെ) ജില്ലകളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ള ജില്ല

**മലപ്പുറം**

- K-SMART - Kerala Solutions for Managing Administrative Reformation and Transformation
- ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചു
- ആദ്യഘട്ടം നിലവിൽ വന്നത് 2024 ജനുവരി 1ന് നഗരസഭകളിലും കോർപ്പറേഷനുകളിലുമാണ്
- രണ്ടാംഘട്ടം 2025 ഏപ്രിൽ 10ന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും ആരംഭിച്ചു.
- ജനന മരണ വിവാഹ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണ അനുമതി, വസ്തു നികുതി, ബിസിനസ്സ് ലൈസൻസുകൾ തുടങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഒറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ വേഗത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം

- മിഡിൽ ഈസ്റ്റ് ഓൺട്രപ്രണർ മാഗസിൻ പ്രസിദ്ധീകരിച്ച, മിഡിൽ ഈസ്റ്റിലെ ഏറ്റവും സ്വാധീനമുള്ള വിദേശ ഇന്ത്യക്കാരുടെ പട്ടികയിൽ ഒന്നാം സ്ഥാനം നേടിയത്

**എം.എ. യൂസഫലി**

  - ലുലു ഗ്രൂപ്പ് ചെയർമാൻ - **എം.എ. യൂസഫലി**

- രാജ്യത്തെ ആദ്യത്തെ ഇ.എസ്.ഐ.സി (ESIC) ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിതമാകുന്നത്

**എഴുകോൺ** (കൊല്ലം)

  - രാജ്യത്ത് എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷന്റെ (ESIC) കീഴിൽ ആരംഭിക്കുന്ന ആദ്യത്തെ ആയുർവേദ മെഡിക്കൽ കോളേജാണിത്.

- സംസ്ഥാനത്തെ ആദ്യ ട്രൈബൽ മൾട്ടി പർപ്പസ് സെന്റർ സ്ഥാപിതമായത്

**വാളംന്തോട്, മലപ്പുറം**

  - ദുർഘട മേഖലയിലുള്ള ആദിവാസി നഗറുകളിൽ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി ആരോഗ്യ വകുപ്പിന് കീഴിൽ അനുവദിച്ച കേരളത്തിലെ ആദ്യത്തെ ട്രൈബൽ മൾട്ടിപർപ്പസ് സെന്ററാണ് ചാലിയാർ പഞ്ചായത്തിലെ വാളംന്തോട് ട്രൈബൽ ഹബ്ബ്

## National

- അടുത്തിടെ അമേരിക്കൻ നിർമിതബുദ്ധി കമ്പനിയായ ആന്ത്രോപിക് ഇന്ത്യയിൽ പുതിയ ഓഫീസ് ആരംഭിച്ചത്

**ബംഗളൂരു**

  - ആന്ത്രോപികിന്റെ നിർമിത ബുദ്ധി അസിസ്റ്റന്റ് ആയ ക്ലോഡ് (Claude.ai) കോവർക്കിന്റെ രണ്ടാമത്തെ വലിയ വിപണിയാണ് ഇന്ത്യ
  - എയർ ഇന്ത്യ, സ്റ്റാർട്ടപ്പ് കമ്പനിയായ റേസർപേ എന്നിവ ആന്ത്രോപിക് എ.ഐ.യുടെ ക്ലോഡ് കോഡ് ഉപയോഗിക്കുന്ന സംരംഭങ്ങളാണ്.

- 'നിവു' എന്ന AI ട്രാവൽ അസിസ്റ്റന്റിനെ അവതരിപ്പിച്ച സഞ്ചാര സാമൂഹിക മാധ്യമ ആപ്പ്

**എക്സ്പ്ലേർജർ**

  - ഇന്ത്യ എ.ഐ. ഇംപാക്ട് ഉച്ചകോടിയിൽ സഞ്ചാരികളുടെ മനം കവർന്ന ഇന്ത്യയുടെ സഞ്ചാര സാമൂഹികമാധ്യമ ആപ്പാണ് എക്സ്പ്ലേർജർ
  - സ്ഥാപകൻ - **ജിതിൻ ഭാട്ടിയ**
  - യാത്രാ അനുഭവങ്ങൾ പങ്കുവെക്കാൻ വേണ്ടി മാത്രമായി നിർമ്മിച്ച ഇന്ത്യയിലെ ആദ്യത്തെ സോഷ്യൽ മീഡിയ ആപ്പാണിത്.
  - യാത്ര ചെയ്യുന്ന സ്ഥലത്തെക്കുറിച്ചുള്ള വിവരങ്ങൾ, ചരിത്രം, മറ്റ് കാര്യങ്ങൾ എന്നിവ സഞ്ചാരികൾക്ക് അവരുടെ സ്വന്തം ഭാഷയിൽ തന്നെ ചോദിച്ചറിയാൻ 'നിവു' സഹായിക്കുന്നു.
  - ഇന്ത്യ എ.ഐ. ഇംപാക്ട് ഉച്ചകോടിയുടെ വേദി - **ന്യൂഡൽഹി**

- ഇന്ത്യയിൽ ആദ്യമായി ദേശീയ പാതയോരങ്ങളിൽ തേനീച്ചകൾക്കും മറ്റ് പരാഗണ ജീവികൾക്കുമായി ആവാസ വ്യവസ്ഥയൊരുക്കുന്ന 'ബീ കോറിഡോറുകൾ' (Bee Corridors) വികസിപ്പിക്കാൻ തീരുമാനിച്ചത്

**നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)**

  - ഈ പദ്ധതി പ്രകാരം, മരങ്ങൾ, കുറ്റിച്ചെടികൾ, ഔഷധസസ്യങ്ങൾ, പുല്ലുകൾ എന്നിവയുടെ മിശ്രിതം ഉൾക്കൊള്ളുന്ന സമർപ്പിത പരാഗണ ഇടനാഴികൾ വികസിപ്പിക്കുന്നതിനായി NHAI അതിന്റെ തോട്ട പ്രവർത്തനങ്ങൾ വിന്യസിക്കും.

## Sports

- 2026 ഫെബ്രുവരിയിൽ രാജ്യാന്തര വനിതാ ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരം എന്ന റെക്കോർഡ് നേടിയത്

**ഹർമൻപ്രീത് കൗർ**

  - ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ ആണ് രാജ്യാന്തര വനിതാ ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരമെന്ന നേട്ടം സ്വന്തമാക്കിയത്.
  - 355 മത്സരങ്ങൾ കളിച്ച ന്യൂസിലൻഡ് ഇതിഹാസ താരം സൂസി ബേറ്റ്സിനെ (Suzie Bates) ആണ് ഹർമൻപ്രീത് മറികടന്നത്.

## Demise

- 2026 ഫെബ്രുവരിയിൽ അന്തരിച്ച പ്രശസ്ത ഹെമറ്റോളജിസ്റ്റ്

**ഡോ. കെ.എ. സലിം**

  - രക്തസംബന്ധമായ പഠനങ്ങളിലും ചികിത്സയിലും രാജ്യത്തുതന്നെ എണ്ണപ്പെട്ട ഡോക്ടർമാരിൽ ഒരാളാണ്.
  - ഹെമറ്റോളജിസ്റ്റ് - രക്തം, അസ്ഥിമജ്ജ, ലിംഫറ്റിക് സിസ്റ്റം എന്നിവയുടെ രോഗങ്ങൾ കണ്ടെത്തുന്നതിലും ചികിത്സിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും വൈദഗ്ദ്ധ്യം നേടിയ മെഡിക്കൽ ഡോക്ടർ

## Today's MCQ

1. 2025-ലെ കണക്കുകൾ പ്രകാരം കേരളത്തിൽ ഏറ്റവും കൂടുതൽ ആഭ്യന്തര വിനോദ സഞ്ചാരികൾ എത്തിയ ജില്ല

   (a) എറണാകുളം　　(b) തിരുവനന്തപുരം

   (c) ആലപ്പുഴ　　(d) ഇടുക്കി

2. ഡ്രോണുകൾക്കും റിമോട്ട് പൈലറ്റഡ് എയർക്രാഫ്റ്റുകൾക്കും മാത്രമായുള്ള ഇന്ത്യയിലെ ആദ്യത്തെ സമർപ്പിത എയർബേസ് സ്ഥാപിക്കുന്നത്

   (a) പൂനെ　　(b) ലഡാക്ക്

   (c) മീററ്റ്　　(d) ജയ്പൂർ

**Ans : 1. (d), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY 2K26
22



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 22 FEBRUARY 2026

## Awards

- 2026-ൽ എസ്.കെ പൊറ്റെക്കാട്ട് ബാലസാഹിത്യ പുരസ്കാരത്തിന് അർഹനായത്

  **ജി. കണ്ണനുണ്ണി**

  - ഹീറോ ഡാഡിയും കുഞ്ഞൻ ബ്രോയും എന്ന പുസ്തകത്തിനാണ് പുരസ്കാരം
  - എസ്.കെ പൊറ്റെക്കാട് സ്മാരക സമിതി നൽകുന്ന പുരസ്കാരമാണിത്

- **സംസ്ഥാന കായിക പുരസ്കാരങ്ങൾ**
  - സ്പോർട്സ് കൗൺസിലാണ് പ്രഖ്യാപിച്ചത്
  - 3 വർഷത്തെ പുരസ്കാരം ഒരുമിച്ച് പ്രഖ്യാപിച്ചു

**ജി.വി. രാജ അവാർഡ്** (മികച്ച കായിക താരം)

- കേരളത്തിലെ ഏറ്റവും ഉയർന്ന കായിക പുരസ്കാരം
- സമ്മാനത്തുക - **3 ലക്ഷം**
- 2022-23 - **അബ്ദുള്ള അബൂബക്കർ, വി.കെ. വിസ്മയ** (അത്‌ലറ്റിക്സ്)
- 2023-24 - **മുഹമ്മദ് അജ്മൽ, ആൻസി സോജൻ** (അത്‌ലറ്റിക്സ്)
- 2024-25 - **മുഹമ്മദ് അഫ്സൽ** (അത്‌ലറ്റിക്സ്), **പി.കെ. ഐശ്വര്യ** (നെറ്റ്ബോൾ)

**ഒളിമ്പ്യൻ സുരേഷ് ബാബു അവാർഡ്** (സമഗ്ര സംഭാവന)(സമ്മാനത്തുക - 2 ലക്ഷം)

- 2022-23 - **മുഹമ്മദ് അഷ്റഫ്** (അത്‌ലറ്റിക്സ്) (2023-24ലെ മികച്ച സ്പോർട്സ് പുസ്തകത്തിനുള്ള അവാർഡും ഇദ്ദേഹത്തിന് ലഭിച്ചു. 'മാന്ത്രിക ബൂട്ടുകൾ' എന്ന കൃതിക്കാണ് പുരസ്കാരം)
- 2023-24 - **പി.എസ്. അബ്ദുൽ റസാഖ്** (വോളിബോൾ)
- 2024-25 - **സുഭാഷ് ജോർജ്** (അത്‌ലറ്റിക്സ്)

**മികച്ച കായിക പരിശീലകൻ** (സമ്മാനത്തുക - 1 ലക്ഷം)

- 2022-23 - **ഹരികൃഷ്ണൻ** (അത്‌ലറ്റിക്സ്)
- 2023-24 - **മുരളി ശിവശങ്കരൻ** (അത്‌ലറ്റിക്സ്)
- 2024-25 - **ജേക്കബ് ജോസഫ്** (വോളിബോൾ)

**പ്രത്യേക ജൂറി പുരസ്കാരം** (സമ്മാനത്തുക - 50000 രൂപ)

- **ഷൈജു ദാമോദരൻ** (കമന്റേറ്റർ), **ജോബി മാത്യു** (പഞ്ചഗുസ്തി), **എം. പീതാംബരൻ** (ഫുട്ബോൾ കോച്ച്)

## Book and Author

- The Sage who Reimagined Hinduism: The Life, Lessons and Legacy of Sree Narayana Guru എന്ന പുസ്തകം രചിച്ചത്

  **ശശി തരൂർ**

  - ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പ്രകാശനം ചെയ്തു

## National

- 2026 ഫെബ്രുവരിയിൽ സമ്പൂർണ്ണ നക്സൽ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട ഇന്ത്യൻ സംസ്ഥാനം

  **ബീഹാർ**

  - ബീഹാറിലെ മുംഗർ ജില്ലയിൽ സുരേഷ് കോഡ എന്ന മാവോയിസ്റ്റ് കമാൻഡർ കീഴടങ്ങിയ തോടെയാണ് സംസ്ഥാന പോലീസ് ബീഹാറിനെ സമ്പൂർണ്ണ നക്സൽ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചത്.
  - ആത്മസമർപ്പൺ സഹ പുനർവാസ് യോജന എന്ന പദ്ധതി വഴിയാണ് ഇവർക്ക് സർക്കാർ പുനരധിവാസം ഉറപ്പാക്കുന്നത്

- വിവാഹ രജിസ്ട്രേഷന് മാതാപിതാക്കളുടെ അനുമതി നിർബന്ധമാക്കാൻ നിയമഭേദഗതി ആലോചിക്കുന്ന സംസ്ഥാനം

  **ഗുജറാത്ത്**

## International

- ബോർഡ് ഓഫ് പീസിന്റെ ഉദ്ഘാടന സമ്മേളനത്തിന്റെ വേദി

  **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പീസ്** (വാഷിങ്ടൺ ഡി.സി)

  - ഗാസയുടെ സുസ്ഥിര സമാധാനം ലക്ഷ്യമിട്ട് യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപുണ്ടാക്കിയ അന്താരാഷ്ട്ര കൂട്ടായ്മയാണിത്

- 2027-ലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ഇംപാക്ട് ഉച്ചകോടിക്ക് വേദിയാകുന്ന നഗരം

  **ജനീവ** (സ്വിറ്റ്സർലൻഡ്)

  - 2028-ലെ ഉച്ചകോടിയുടെ വേദി - **യു.എ.ഇ.**
  - 2026 - **ഇന്ത്യ**

- പാക്സ് സിലിക്ക (Pax Silica) കൂട്ടായ്മയിൽ ഇന്ത്യ അംഗമായി

  - ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ക്രിട്ടിക്കൽ ധാതുക്കൾ എന്നിവയുടെ സുരക്ഷിതമായ വിതരണ ശൃംഖല ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ യുഎസ് നേതൃത്വത്തിൽ അടുത്തിടെ രൂപീകരിച്ച കൂട്ടായ്മയാണിത്
  - രൂപീകരിച്ചത് **- 2025 ഡിസംബർ**

## Space

- ബോയിങ് സ്റ്റാർലൈനർ ദൗത്യത്തിലുണ്ടായ പിഴവുകളെ നാസയുടെ ഏറ്റവും ഗുരുതരമായ അപകട വിഭാഗമായ ടൈപ്പ് എ മിസ്ഹാപ് ആയി വിലയിരുത്തി
  - പത്ത് ദിവസത്തെ ദൗത്യത്തിനായി പോയി ഒരുവർഷത്തോളം ബഹിരാകാശത്ത് കുടുങ്ങിപ്പോയ സുനിത വില്യംസും ബുച്ച് വിൽമോറും നേരിട്ടത് ടൈപ് എ വിഭാഗത്തിൽപ്പെടുന്ന ദുരന്തമെന്ന് നാസ.
  - ബോയിങ് സ്റ്റാർലൈനർ ദൗത്യത്തിന്റെ ഭാഗമായാണ് ഇരുവരും ബഹിരാകാശത്ത് പോയത്
  - വിക്ഷേപണം **- 2024 ജൂൺ 5**

## Defence

- ഇന്ത്യയുടെ മൂന്നാമത്തെ ആണവ ബാലിസ്റ്റിക് മിസൈൽ അന്തർവാഹിനി

**ഐ.എൻ.എസ് അരിധമൻ**

  - 'ഐ.എൻ.എസ് അരിഹന്ത്', 'ഐ.എൻ.എസ് അരിഘാത്' എന്നിവയാണ് ഇന്ത്യ ഇതിനുമുമ്പ് പുറത്തിറക്കിയ മറ്റ് രണ്ട് ആണവ അന്തർവാഹിനികൾ
  - ഏപ്രിൽ - മെയ് മാസത്തിലാണ് കമ്മീഷൻ ചെയ്യാൻ ഒരുങ്ങുന്നത്.

## Demise

- 2026 ഫെബ്രുവരിയിൽ അന്തരിച്ച ബംഗാളി സാഹിത്യകാരൻ

**മണിശങ്കർ മുഖോപാധ്യായ**

  - 2020-ലെ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു (ഏക ഏക ഏകാഷി )
  - 'ശങ്കർ' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നു
  - അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതികളായ 'സീമാബദ്ധ', 'ജന ആരണ്യ' എന്നിവ സത്യജിത് റേ സിനിമയാക്കിയിട്ടുണ്ട്.
  - ഇദ്ദേഹത്തിന്റെ മറ്റൊരു രചനയായ 'ചൗരംഗി' പിനാകി ഭൂഷൺ മുഖർജി അതേപേരിൽ സിനിമയാക്കി
  - ദി മോങ്ക് ആസ് മാൻ: ദി അൺനോൺ ലൈഫ് ഓഫ് സ്വാമി വിവേകാനന്ദ എന്നത് വിവേകാനന്ദനെ കുറിച്ച ഇദ്ദേഹം എഴുതിയ പുസ്തകമാണ്

## Today's MCQ

1. കെ-സ്മാർട്ട് വഴി ഏറ്റവും കൂടുതൽ സേവനങ്ങൾ നൽകിയ ജില്ലകളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തുള്ള ജില്ല

   (a) എറണാകുളം　(b) ആലപ്പുഴ

   (c) മലപ്പുറം　(d) തിരുവനന്തപുരം

2. 2026 ഫെബ്രുവരിയിൽ രാജ്യാന്തര വനിതാ ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരം എന്ന റെക്കോർഡ് നേടിയത്

   (a) സ്മൃതി മന്ദാന　(b) ഹർമൻപ്രീത് കൗർ

   (c) ഷഫാലി വർമ്മ　(d) ഇവരാരുമല്ല

**Ans : 1. (c), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY 2K26
23-24





FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 23, 24 FEBRUARY 2026

## Awards

- **2026 BAFTA ഫിലിം അവാർഡ്സ്**
  - മികച്ച സിനിമ - **One Battle After Another**
  - മികച്ച നടൻ - **Robert Aramayo** (I Swear)
  - മികച്ച നടി - **Jessie Buckley** (Hamnet)
  - മികച്ച സംവിധാനം - **Paul Thomas Anderson** (One Battle After Another)
  - ബെസ്റ്റ് ചിൽഡ്രൻസ് ആൻഡ് ഫാമിലി ഫിലിം അവാർഡ് - **Boong** (സംവിധാനം - ലക്ഷ്മിപ്രിയ ദേവി, മണിപ്പൂരി ചിത്രം)
  - ഈ കാറ്റഗറിയിൽ അവാർഡ് നേടിയ ആദ്യ ഇന്ത്യൻ ചിത്രം - **Boong**

## Kerala

- കേരളത്തിലെ ആദ്യത്തെ ഉഡാൻ യാത്രി കഫേ നിലവിൽ വന്ന വിമാനത്താവളം

  **തിരുവനന്തപുരം വിമാനത്താവളം**
  - കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു ഉദ്ഘാടനം ചെയ്തു.
  - ശംഖുംമുഖത്തെ ആഭ്യന്തര ടെർമിനലിലും ചാക്കയിലെ രാജ്യാന്തര ടെർമിനലിലും രണ്ട് കഫേകളാണ് തുറന്നത്.
  - തിരുവനന്തപുരത്തിനൊപ്പം അദാനി എയർപോർട്ട്സിനു കീഴിലുള്ള മംഗളൂരു, മുംബൈ, നവി മുംബൈ വിമാനത്താവളങ്ങളിലും ഉഡാൻ കഫേ തുടങ്ങി.
  - തിരുവനന്തപുരം വിമാനത്താവളത്തിലെ ഡിജി യാത്ര സേവനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.
- 2026 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ച സംസ്ഥാനത്തെ എസ്.ഐ.ആർ. അന്തിമ വോട്ടർ പട്ടിക
  - ഏറ്റവും കൂടുതൽ വോട്ടർമാരുള്ള നിയോജകമണ്ഡലം - **തിരൂർ** (മലപ്പുറം)
  - ഏറ്റവും കുറവ് വോട്ടർമാരുള്ള നിയോജകമണ്ഡലം - **എറണാകുളം** (എറണാകുളം )
  - ഏറ്റവും കൂടുതൽ വോട്ടർമാർ ഉള്ള ജില്ല - **മലപ്പുറം**
  - ഏറ്റവും കുറവ് വോട്ടർമാർ ഉള്ള ജില്ല - **വയനാട്**
  - പുരുഷ വോട്ടർമാരുടെ എണ്ണം സ്ത്രീകളെക്കാൾ കൂടിയ ഏക ജില്ല - **മലപ്പുറം**
  - സംസ്ഥാനത്ത് ആകെ 2.69 കോടി വോട്ടർമാർ
- അടുത്തിടെ കേരളത്തിൽ സ്ഥാപിതമായ കാഴ്ചപരിമിത സൗഹൃദ മ്യൂസിയം

  **നിള ഹെറിറ്റേജ് മ്യൂസിയം, പൊന്നാനി**
  - കാഴ്ച വൈകല്യമുള്ള സന്ദർശകർക്ക് സഹായകരമായ സാങ്കേതികവിദ്യകളിലൂടെ ചരിത്രം അനുഭവിക്കാൻ കഴിയുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്

## National

- ഔർ ലേഡി ഓഫ് ഗ്രേസ് കത്തീഡ്രൽ സ്ഥിതി ചെയ്യുന്നത്

**വസായ്, മഹാരാഷ്ട്ര**

  - 2025-ലെ സാംസ്കാരിക പൈതൃക സംരക്ഷണത്തിനുള്ള യുനെസ്കോ ഏഷ്യ-പസഫിക് അവാർഡുകളിൽ പാപ്ഡി ഗ്രാമത്തിലെ ഔർ ലേഡി ഓഫ് ഗ്രേസ് കത്തീഡ്രലിന്റെ സംരക്ഷണ പദ്ധതിക്ക് അഭിമാനകരമായ അവാർഡ് ഓഫ് മെറിറ്റ് ലഭിച്ചു.
  - ഈ ദേവാലയം സിമന്റോ ഇഷ്ടികയോ ഉപയോഗിക്കാതെ, പൂർണ്ണമായും കല്ലും മണ്ണും മാത്രം ഉപയോഗിച്ച് പോർച്ചുഗീസ് വാസ്തുവിദ്യാശൈലിയിലാണ് നിർമ്മിച്ചിരിക്കുന്നത്.

- ഇന്ത്യയിലെ ഏറ്റവും വേഗതയേറിയ മെട്രോ നിലവിൽ വന്നത്

**ഉത്തർപ്രദേശ്**

  - മീററ്റ് സൗത്തിനും മോദിപുരത്തിനും ഇടയിലാണ് ഈ സർവീസ് നിലവിൽ വന്നത്.
  - പ്രധാനമന്ത്രി നരേന്ദ്രമോദി മെട്രോയുടെ ഉദ്ഘാടനം നിർവഹിച്ചു.
  - ഇന്ത്യയുടെ ആദ്യത്തെ നമോ ഭാരത് റീജിയണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിന്റെ (RRTS) ശേഷിക്കുന്ന ഭാഗങ്ങളും അദ്ദേഹം ഉദ്ഘാടനം ചെയ്തു.

- 2026 ഫെബ്രുവരിയിൽ ധാതുക്കളുടെയും അപൂർവ മൂലകങ്ങളുടെയും മേഖലയിൽ പരസ്പര സഹകരണത്തിനായി ഇന്ത്യയുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ച രാജ്യം

**ബ്രസീൽ**

  - നിലവിൽ അപൂർവ മൂലകങ്ങളുടെ കയറ്റുമതിയിൽ ചൈനയ്ക്കാണ് ആഗോളതലത്തിൽ കുത്തകയുള്ളത്.
  - ചൈനയ്ക്ക് തൊട്ടുപിന്നിൽ നിൽക്കുന്ന രാജ്യമാണ് ബ്രസീൽ. അതിനാൽ ചൈനീസ് ആശ്രിതത്വം കുറയ്ക്കാനുള്ള ഇന്ത്യയുടെ സുപ്രധാന നയതന്ത്ര നീക്കമാണിത്.

- തദ്ദേശീയമായി നിർമ്മിച്ച ടെറ്റനസ്, അഡൾട്ട് ഡിഫ്തീരിയ വാക്സിൻ ഇന്ത്യ പുറത്തിറക്കി
  - ഈ വർഷം ഏപ്രിൽ മാസത്തോടെ 55 ലക്ഷം ഡോസുകൾ യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിന് (UIP) കീഴിൽ സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CRI) വിതരണം ചെയ്യും.

- സി. രാജഗോപാലാചാരിയുടെ പ്രതിമ സ്ഥാപിതമാകുന്നത്

**രാഷ്ട്രപതി ഭവൻ**

  - ബ്രിട്ടീഷ് ആർക്കിടെക്റ്റ് എഡ്വിൻ ലുട്യൻസിന്റെ (Edwin Lutyens) പ്രതിമ മാറ്റി സ്ഥാപിച്ചാണ് പുതിയ പ്രതിമ സ്ഥാപിക്കുന്നത്.
  - ഫെബ്രുവരി 23-ന് രാഷ്ട്രപതി ഭവനിൽ നടക്കുന്ന 'രാജാജി ഉത്സവ്' ആഘോഷവേളയിലാണ് പ്രതിമാ അനാച്ഛാദനം നടക്കുന്നത്.
  - ഇന്ത്യയിലെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന ആദ്യമായി (1954) ഏർപ്പെടുത്തിയപ്പോൾ അത് ലഭിച്ച മൂന്ന് പേരിൽ ഒരാളാണ് ഇദ്ദേഹം (മറ്റ് രണ്ടുപേർ: **സി.വി. രാമൻ, എസ്. രാധാകൃഷ്ണൻ**).
  - സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെയും അവസാനത്തെയും ഇന്ത്യക്കാരനായ ഗവർണർ ജനറലായി സി. രാജഗോപാലാചാരി സേവനമനുഷ്ഠിച്ച കാലഘട്ടം 1948- 50.

## International

- അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഏർപ്പെടുത്തിയ ആഗോള തീരുവകൾ നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിച്ച കോടതി

  **യു.എസ് സുപ്രീം കോടതി**

  - വിവിധ രാജ്യങ്ങൾക്കു വൻ തീരുവ ചുമത്തി യുഎസ് പ്രസിഡന്റ് ചെയ്യുന്നത് നിയമവിരുദ്ധമാണെന്നുള്ള കേസിൽ ട്രംപിനെതിരെ വാദിച്ച ഇന്ത്യൻ വംശജനായ അഭിഭാഷകൻ

    **- നീൽ കത്യാൽ**

## Sports

- 2026 ഫെബ്രുവരിയിൽ നടന്ന വിന്റർ ഒളിമ്പിക്സിൽ മെഡൽ പട്ടികയിൽ ഒന്നാം സ്ഥാനം നേടിയത്

  **നോർവേ**

  (ആകെ 41 മെഡലുകൾ നേടി, ഒരു വിന്റർ ഒളിമ്പിക്സിൽ ഒരു രാജ്യം നേടുന്ന ഏറ്റവും ഉയർന്ന മെഡൽ നേട്ടം എന്ന റെക്കോർഡ് സ്വന്തമാക്കി)

  - രണ്ടാം സ്ഥാനത്ത് - **യു.എസ്**
  - മൂന്നാം സ്ഥാനത്ത് - **നെതർലൻഡ്സ്**
  - 25-ാമത് വിന്റർ ഒളിമ്പിക്സ് 2026 ഇറ്റലിയിലെ മിലാൻ (Milan), കോർട്ടീന ഡി അംപെസ്സോ (Cortina d Ampezzo) എന്നീ രണ്ട് നഗരങ്ങളിലായാണ് നടന്നത്.
  - തുടർച്ചയായ മൂന്നാം തവണയാണ് നോർവേ ഒന്നാം സ്ഥാനത്തെത്തുന്നത്.
  - 2030-ലെ വിന്റർ ഒളിമ്പിക്സിന് ഫ്രാൻസിലെ ഫ്രഞ്ച് ആൽപ്സ് (French Alps) വേദിയാകും.
  - ഒരൊറ്റ വിന്റർ ഒളിമ്പിക്സിൽ ഏറ്റവും കൂടുതൽ സ്വർണ്ണ മെഡലുകൾ നേടുന്ന താരം എന്ന റെക്കോർഡ് നേടിയത് - **Johannes Hoesflot Klaebo** (നോർവേ)

### Today's MCQ

1. 2026 ഫെബ്രുവരിയിൽ സമ്പൂർണ്ണ നക്സൽ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട ഇന്ത്യൻ സംസ്ഥാനം

   (a) ബീഹാർ (b) ഗുജറാത്ത്

   (c) ഒഡീഷ (d) മധ്യപ്രദേശ്

2. വിവാഹ രജിസ്ട്രേഷന് മാതാപിതാക്കളുടെ അനുമതി നിർബന്ധമാക്കാൻ നിയമഭേദഗതി ആലോചിക്കുന്ന സംസ്ഥാനം

   (a) കർണാടക (b) ഒഡീഷ

   (c) ബീഹാർ (d) ഗുജറാത്ത്

**Ans : 1. (a), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY 2K26
25-26



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 25, 26 FEBRUARY 2026

## Appointment

- കേരള സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി രൂപീകരിച്ച 12-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ചെയർമാനായി നിയമിതനായത്

  **ഡോ. വി. പി. ജോയി**

  - മറ്റ് അംഗങ്ങൾ – **അഡ്വ. എം. രാജഗോപാലൻ നായർ, ശ്രീലത സുകുമാരൻ** (റിട്ട. അഡീഷണൽ സെക്രട്ടറി).
  - കമ്മീഷൻ സെക്രട്ടറി – **വി. ആർ. ശോഭ** (ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി)

- ബി.വി.ആർ. സുബ്രഹ്മണ്യത്തിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് നീതി ആയോഗിന്റെ ഇടക്കാല സി.ഇ.ഒ ആയി അധിക ചുമതല നൽകപ്പെട്ടത്

  **നിധി ഛിബ്ബർ**

  - 2015 ജനുവരി 1-നാണ് നീതി ആയോഗ് നിലവിൽ വന്നത് (പ്ലാനിങ് കമ്മീഷന് പകരം )
  - നീതി ആയോഗിന്റെ നിലവിലെ വൈസ് ചെയർമാൻ – **സുമൻ ബെറി**

## Award

- **ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാലസാഹിത്യ പുരസ്കാരങ്ങൾ 2025**
  - കഥ – **ശ്രീജിത്ത് മൂത്തേടത്ത്** (പെൻഗ്വിനുകളുടെ വൻകരയിൽ),
    – **പി. വി. ഷാജികുമാർ** (ജാനകി ഉണ്ടാക്കിയ കഥകൾ)
  - കവിത – **രാവുണ്ണി** (മാവമ്മ)
  - ശാസ്ത്രം – **പ്രദീപ് ഓർക്കാട്ടേരി** (പുല്ലരി മധുരം – മുത്താറി മുതൽ മലഞ്ചാമ വരെ)
  - വൈജ്ഞാനികം – **ഫൈറോസ് ബീഗം പി.** (വീട്ടിലെത്തിയ വിരുന്നുകാർ)
  - ജീവചരിത്രം / ആത്മകഥ – **ഫില്ലിസ് ജോസഫ്** (മലയാളത്തിന്റെ കവികൾ)
  - വിവർത്തനം / പുനരാഖ്യാനം – **എം. ചന്ദ്രപ്രകാശ്** (ഡിറ്റക്റ്റീവ് ഫെലൂദ)
  - നാടകം – **ജി. ശ്രീകണ്ഠൻ** (മുതലക്കെട്ട്)
  - ചിത്രീകരണം – **അരുണ നാരായണൻ ആലഞ്ചേരി** (കാട്ടിൽ ഒരു ഒളിച്ചുകളി)
  - 20,000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് ഓരോ വിഭാഗത്തിലെയും പുരസ്കാരം

## Kerala

- സംസ്ഥാനത്തിന്റെ പേര് കേരള എന്നതിന് പകരം 'കേരളം' എന്ന് മാറ്റുന്നതിനുള്ള നിർദ്ദേശം കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചു.
  - ഭരണഘടനയുടെ ആർട്ടിക്കിൾ 3 പ്രകാരം, രാഷ്ട്രപതിയുടെ ശുപാർശകൾ പാലിച്ച് ഒരു സംസ്ഥാനത്തിന്റെ പേര് മാറ്റാനുള്ള അധികാരം പാർലമെന്റിനാണ്.
  - ഇതിനു മുൻപ് നടന്ന പേര് മാറ്റം ഒറീസ്സ എന്നത് ഒഡീഷ എന്നായതാണ് (2011)

- MDMA, മെത്താംഫെറ്റമിൻ തുടങ്ങിയ രാസലഹരി ഉപയോഗം ഉമിനീരിലൂടെ വേഗത്തിൽ കണ്ടെത്തുന്നതിനായി കേരള പോലീസ് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചുതുടങ്ങിയ അത്യാധുനിക അനലൈസർ

  **സൊറ്റോക്സ് അനലൈസർ**

- അടുത്തിടെ ഹൈക്കോടതി ഇടപെടലിലൂടെ വാർത്തകളിൽ ഇടംനേടിയ കോട്ടൂളി തണ്ണീർത്തടം സ്ഥിതി ചെയ്യുന്ന ജില്ല

  **കോഴിക്കോട്**

  - പരിസ്ഥിതി ലോലമായ കോഴിക്കോടിലെ കോട്ടൂളി തണ്ണീർത്തടങ്ങളെ റാംസർ സൈറ്റായി നിയോഗിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതിനാൽ, അവിടെ പുതിയ നിർമ്മാണങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ കേരള ഹൈക്കോടതി അടുത്തിടെ അധികാരികൾക്ക് നിർദ്ദേശം നൽകിയിരുന്നു.
  - നാമനിർദ്ദേശ പ്രക്രിയ വേഗത്തിലാക്കാനും മൂന്ന് മാസത്തിനുള്ളിൽ അത് പൂർത്തിയാക്കാനും ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്
  - നിലവിൽ കേരളത്തിൽ 3 റാംസർ സൈറ്റുകളാണുള്ളത് വേമ്പനാട് കായൽ , അഷ്ടമുടി കായൽ, ശാസ്താംകോട്ട കായൽ. ഈ മൂന്നെണ്ണവും 2002ലാണ് പട്ടികയിൽ ഉൾപ്പെട്ടത്. കോട്ടൂളി കൂടി ഉൾപ്പെടുന്നതോടെ കേരളത്തിൽ ഇത് നാലായി മാറും.
  - ഏറ്റവും പുതിയ കണക്കുകൾ (2026 ഫെബ്രുവരി) പ്രകാരം ഇന്ത്യയിൽ 98 റാംസർ സൈറ്റുകൾ ആണുള്ളത്. (ഏറ്റവും ഒടുവിൽ ഗുജറാത്തിലെ ഛാരിഡന്ദ്, യു.പിയിലെ പട്ന ബേർഡ് സാങ്ചറി എന്നിവയാണ് പട്ടികയിൽ ഇടംനേടിയത്).
  - ഇന്ത്യയിൽ ഏറ്റവും കൂടുതൽ റാംസർ സൈറ്റുകളുള്ള സംസ്ഥാനം തമിഴ്നാടാണ് (20 എണ്ണം). രണ്ടാമത് ഉത്തർപ്രദേശാണ് (11 എണ്ണം).

- സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്കും ഓട്ടിസം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾക്കും തൊഴിൽ നൽകാൻ ലക്ഷ്യമിട്ട് ആരംഭിക്കുന്ന 'ഏബിൾ പോയിന്റ്' പദ്ധതിയുടെ ആദ്യ ഔട്ട്ലെറ്റ് നിലവിൽ വരുന്നത്

  **കാക്കനാട്**

  - എബിലിറ്റി ബിയോണ്ട് ലിമിറ്റ്സ് (Ability Beyond Limits) എന്ന പദ്ധതിക്ക് കീഴിൽ ആരംഭിക്കുന്ന വിൽപന ശാലകളാണ് 'ഏബിൾ പോയിന്റ്' (Able Point).

- കേരളത്തിലെ ആദ്യത്തെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം സ്ഥാപിതമായത്

  **കല്ല്യാട്, കണ്ണൂർ**

- അവയവ ദാനത്തിലൂടെ അഞ്ചുപേർക്ക് ജീവൻ നൽകിയ ആലിൻ ഷെറിൻ , തിരുനാവായ കുംഭമേള , തൃശൂരിൽ 570 ഇനം ധാന്യങ്ങൾ കൃഷി ചെയ്ത പെരിങ്ങോട്ടുകര ഗ്രാമം തുടങ്ങിയ കാര്യങ്ങൾ 2026 ഫെബ്രുവരിയിലെ മൻ കി ബാത്തിൽ മോദി പരാമർശിച്ചു

## International

- അടുത്തിടെ വാർത്തകളിൽ ഇടംനേടിയ സ്പൈനോസോറസ് മിറാബിലിസിന്റെ ഫോസിൽ കണ്ടെത്തപ്പെട്ട സ്ഥലം

  **സഹാറ മരുഭൂമി** (നൈജർ)

  - പത്രമാധ്യമങ്ങൾ ഇവയെ 'ഡ്രാഗൺ ദിനോസർ' എന്ന് വിളിക്കുമ്പോൾ, ശാസ്ത്രജ്ഞർ ഇവയുടെ വേട്ടയാടൽ രീതി കാരണം 'ഹെൽ ഹെറോൺ' (Hell Heron - നരകത്തിലെ കൊക്ക്) എന്നാണ് വിശേഷിപ്പിക്കുന്നത്.

## Defence

- കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കിയ രാജ്യത്തെ ആദ്യത്തെ സമഗ്ര ദേശീയ ഭീകരവിരുദ്ധ നയം

പ്രഹാർ (PRAHAAR)

**പ്രഹാറിന്റെ 7 അടിസ്ഥാന തത്വങ്ങൾ (Pillars of PRAHAAR)**

- P - Prevention (പ്രതിരോധം)
- R - Responses (പ്രതികരണം)
- A - Aggregating (ഏകോപനം)
- H - Human rights (മനുഷ്യാവകാശം)
- A - Attenuating (ലഘൂകരിക്കൽ)
- A - Aligning (അണിനിരത്തൽ)
- R - Recovery (അതിജീവനം)

## Demise

- അടുത്തിടെ അന്തരിച്ച പ്രശസ്ത അമേരിക്കൻ പ്രകൃതിസഞ്ചാര സാഹിത്യകാരൻ

**എഡ്വേർഡ് ഹോഗ്ലാൻഡ്**

- കാഴ്ചപരിമിതിയെ അതിജീവിച്ച് മൃഗങ്ങളുടെ ജീവിതത്തെക്കുറിച്ച് അദ്ദേഹം എഴുതിയ ലേഖനങ്ങൾ ലോകപ്രശസ്തമാണ്.

## Today's MCQ

1. കേരളത്തിലെ ആദ്യത്തെ ഉഡാൻ യാത്രി കഫേ നിലവിൽ വന്ന വിമാനത്താവളം

(a) കോഴിക്കോട് വിമാനത്താവളം (b) കൊച്ചി വിമാനത്താവളം

(c) കണ്ണൂർ വിമാനത്താവളം (d) തിരുവനന്തപുരം വിമാനത്താവളം

2. 2026 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ച സംസ്ഥാനത്തെ എസ്.ഐ.ആർ. അന്തിമ വോട്ടർ പട്ടിക പ്രകാരം ഏറ്റവും കൂടുതൽ വോട്ടർമാരുള്ള നിയോജകമണ്ഡലം

(a) ധർമ്മടം (b) എറണാകുളം

(c) തിരൂർ (d) തൃത്താല

**Ans : 1. (d), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEBRUARY 2K26
27



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 27 FEBRUARY 2026

## Appointments

- നെതർലൻഡ്സിലെ ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രി

  **റോബ് ജെറ്റൻ**

  - 2026 ഫെബ്രുവരിയിൽ നെതർലൻഡ്സിന്റെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു

## Awards

- സ്പീക്കർ ഓഫ് ദി നെസെറ്റ് മെഡൽ ബഹുമതി ലഭിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി

  **നരേന്ദ്രമോദി**

  - പ്രധാനമന്ത്രി മോദിക്ക് ഇസ്രായേലിന്റെ പരമോന്നത പാർലമെന്ററി ബഹുമതിയായ സ്പീക്കർ ഓഫ് ദി നെസെറ്റ് മെഡൽ ലഭിച്ചു
  - ഇസ്രായേൽ പാർലമെന്റ് സ്പീക്കർ അമീർ ഒഹാന മെഡൽ നൽകി
  - ഇസ്രായേൽ പ്രധാനമന്ത്രി - **ബെഞ്ചമിൻ നെതന്യാഹു**

## National

- തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ ദേശീയ വട്ടമേശ സമ്മേളനം 2026 ന്റെ വേദി

  **ന്യൂഡൽഹി**

  - 27 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും വട്ടമേശ സമ്മേളനം നടക്കുന്നത്.
  - അവസാനമായി സമ്മേളനം നടന്നത് 1999 ലാണ്.
  - മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ അധ്യക്ഷതയിൽ നടക്കുന്ന വട്ടമേശ സമ്മേളനത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവരുടെ സാന്നിധ്യത്തിലായിരിക്കും പരിപാടി.

- ജോലിയില്ലാത്തവർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്ന ബംഗ്ലാർ യുവ സാത്തി പദ്ധതി ആരംഭിച്ച സംസ്ഥാനം

  **പശ്ചിമ ബംഗാൾ**

  - പശ്ചിമ ബംഗാൾ മുഖ്യമന്ത്രി - **മമത ബാനർജി**

- ദേശീയ ആരോഗ്യമേള 2026 ന്റെ വേദി

  **ഷെഗാവ്** (മഹാരാഷ്ട്ര)

  - ആയുഷ് മന്ത്രാലയം, അഖിലേന്ത്യാ ആയുർവേദ കോൺഗ്രസുമായി സഹകരിച്ചാണ് മേള സംഘടിപ്പിക്കുന്നത്

- ഇന്ത്യയിലെ ഏറ്റവും വലിയ സംയോജിത ലിഥിയം അയൺ ബാറ്ററി ഗിഗാഫാക്ടറി നിലവിൽ വരുന്നത്

  **ആന്ധ്രപ്രദേശ്**

  - ഇന്ത്യയുടെ ശുദ്ധഊർജ്ജ ഉൽപ്പാദന മേഖലയ്ക്ക് പ്രോത്സാഹനം നൽകുന്നതിനായി Waaree എനർജീസ് ആണ് ഇത് വികസിപ്പിക്കുന്നത്

- വൻജീവി ദിദി പദ്ധതി ആരംഭിച്ച ടൈഗർ റിസർവ്

**പലമാവു ടൈഗർ റിസർവ്** (ജാർഖണ്ഡ്)

  - വിദ്യാസമ്പന്നരായ സ്ത്രീകളെ പി.ടി.ആർ അംബാസഡർമാരാക്കാൻ പരിശീലിപ്പിക്കുന്നതിനായി ജാർഖണ്ഡിലെ ഗ്രാമങ്ങളിലാണ് പദ്ധതി ആരംഭിച്ചത്

- വേൾഡ് ഓഷൻ സയൻസ് കോൺഗ്രസ് 2026 ന്റെ വേദി

**Dona Paula** (ഗോവ)

  - ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത് ഉദ്ഘാടനം ചെയ്തു
  - പ്രമേയം - **Ocean Health and Sustainable Future**

**Defence**

- VAJRA PRAHAR 2026 ന്റെ വേദി

**ഹിമാചൽ പ്രദേശ്**

  - ഇന്ത്യ-യു.എസ്. സംയുക്ത സ്പെഷ്യൽ ഫോഴ്സ് അഭ്യാസമായ വജ്ര പ്രഹാറിന്റെ 16-ാമത് പതിപ്പ്

- ധർമ്മ ഗാർഡിയൻ 2026 ന്റെ വേദി

**ഉത്തരാഖണ്ഡ്**

  - ഇന്ത്യൻ സൈന്യവും ജപ്പാൻ ഗ്രൗണ്ട് സെൽഫ് ഡിഫൻസ് ഫോഴ്സും തമ്മിലുള്ള വാർഷിക സംയുക്ത സൈനികാഭ്യാസത്തിന്റെ ഏഴാമത് പതിപ്പാണിത്

- അടുത്തിടെ ഈജിപ്തിലെ സഫാഗ സന്ദർശിച്ച ഇന്ത്യൻ നാവിക സേന കപ്പൽ

**ഐഎൻഎസ് സുദർശിനി**

  - ലോകായാൻ 26 എന്ന പര്യടനത്തിന്റെ ഭാഗമായാണ് സന്ദർശനം.

- ആന്റിസബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് (ASW-SWC) പദ്ധതിയുടെ ഭാഗമായി ഇന്ത്യ കമ്മീഷൻ ചെയ്യുന്ന മൂന്നാമത്തെ കപ്പൽ

**INS അഞ്ജദിപ്**

  - 2026 ഫെബ്രുവരിയിൽ ചെന്നൈ തുറമുഖത്ത് ഈസ്റ്റേൺ നേവൽ കമാൻഡിൽ (ENC) യുദ്ധക്കപ്പൽ ഔദ്യോഗികമായി കമ്മീഷൻ ചെയ്യും.

**Sports**

- ആറാമത് ഖേലോ ഇന്ത്യ വിന്റർ ഗെയിംസ് 2026 ന്റെ ഭാഗ്യചിഹ്നം

**ഷീൻ - ഇ - ഷി** (ഷാൻ) (ഹിമപ്പുലി)

  - വേദി - **ഗുൽമാർഗ്** (ജമ്മു & കാശ്മീർ), **ലഡാക്ക്**

**Today's MCQ**

1. കേരള സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായി രൂപീകരിച്ച 12-ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ചെയർമാനായത് ?

   (a) ജയതിലക് (b) ഡോ. വി. പി. ജോയി

   (c) ശ്രീലത സുകുമാരൻ (d) കെ. വാസുകി

2. അടുത്തിടെ ഹൈക്കോടതി ഇടപെടലിലൂടെ വാർത്തകളിൽ ഇടംനേടിയ കോട്ടൂളി തണ്ണീർത്തടം സ്ഥിതി ചെയ്യുന്ന ജില്ല ?

   (a) എറണാകുളം (b) ആലപ്പുഴ

   (c) കോഴിക്കോട് (d) കൊല്ലം

**Ans : 1. (b), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

FEB - MAR 2K26
28-01



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
## STUDY NOTES 28 FEBRUARY & 1 MARCH 2026

## Important Event

- **ദേശീയ ശാസ്ത്രദിനം - ഫെബ്രുവരി 28**
  - ഇന്ത്യൻ ഭൗതിക ശാസ്ത്രജ്ഞനായ സി.വി. രാമൻ 'രാമൻ ഇഫക്ട്' കണ്ടെത്തിയതിന്റെ സ്മരണാർഥം എല്ലാ വർഷവും ഫെബ്രുവരി 28 ഇന്ത്യയിൽ ദേശീയ ശാസ്ത്രദിനമായി ആഘോഷിക്കുന്നു.
  - പ്രമേയം - **Women in Science: Catalysing Viksit Bharat**

## Book and Author

- 'കോരപ്പാപ്പന് സ്തുതിയായിരിക്കട്ടെ' എന്ന പുസ്തകത്തിന്റെ രചയിതാവ്

  **ടി. ഡി. രാമകൃഷ്ണൻ**
  - ടി.ഡി. രാമകൃഷ്ണൻ രചിച്ച 'കോരപ്പാപ്പന് സ്തുതിയായിരിക്കട്ടെ എന്ന പുസ്തകം അദ്ദേഹത്തിന്റെ തന്നെ പ്രശസ്തമായ 'ഫ്രാൻസിസ് ഇട്ടിക്കോര' എന്ന നോവലിന്റെ രണ്ടാം ഭാഗമാണ്.

## Kerala

- ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ കംപ്രസ്ഡ് ബയോഗ്യാസ് (CBG) പ്ലാന്റ്

  **ബ്രഹ്മപുരം** (എറണാകുളം)
  - കേരളത്തിലെ ആദ്യത്തെയും ദക്ഷിണേന്ത്യയിലെ ഏറ്റവും വലുതുമായ കംപ്രസ്ഡ് ബയോഗ്യാസ് (CBG) പ്ലാന്റാണിത്
  - ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന്റെ (BPCL) സഹകരണത്തോടെയാണ് പദ്ധതി യാഥാർത്ഥ്യമാക്കിയത്
- ഐക്യരാഷ്ട്രസഭയുടെ 'സീറോ വേസ്റ്റ് സിറ്റി' (Zero Waste City) പട്ടികയിൽ അടുത്തിടെ ഇടംനേടിയ കേരളത്തിലെ മുൻസിപ്പാലിറ്റി

  **വർക്കല മുൻസിപ്പാലിറ്റി**
  - ലോകമെമ്പാടുമുള്ള 20 നഗരപ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഐക്യരാഷ്ട്രസഭ തയ്യാറാക്കിയ 'സീറോ വേസ്റ്റ് സിറ്റി' പട്ടികയിലാണ് കേരളത്തിൽ നിന്നുള്ള വർക്കല മുൻസിപ്പാലിറ്റി ഇടംനേടിയത്.
  - ഈ ആഗോള പട്ടികയിൽ ഇടംനേടിയ ഏഷ്യയിലെ രണ്ട് നഗരങ്ങളിൽ ഒന്നാണ് വർക്കല
  - മാർച്ച് 30ന് ആചരിക്കുന്ന 'അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിന'ത്തിന്റെ (International Day of Zero Waste) ഭാഗമായാണ് ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം നടക്കുന്നത്.
- സംസ്ഥാന സർക്കാരിന്റെ വെസ്റ്റ് കോസ്റ്റ് കനാൽ നവീകരണ പദ്ധതി
  - സംസ്ഥാന സർക്കാരിന്റെയും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെയും (സിയാൽ CIAL) സംയുക്ത സംരംഭമായ കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (ക്വിൽ KWIL) ആണ് പദ്ധതി നടപ്പിലാക്കുന്നത്.
  - തിരുവനന്തപുരം കോവളം മുതൽ കാസർഗോഡ് ബേക്കൽ വരെ ഒരുക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ഉൾനാടൻ ജലപാതാ പദ്ധതിയുടെ (West Coast Canal project) ഭാഗമായി 11 ജില്ലകളിലൂടെയാണ് ഈ പാത കടന്നുപോകുന്നത്.

## National

- അടുത്തിടെ ബ്രിട്ടീഷ് കാലഘട്ടത്തിലെ 'ബംഗാൾ, ആഗ്ര ആൻഡ് അസം സിവിൽ കോർട്ട്സ് ആക്ട്, 1887' ന് പകരമായി സ്വന്തമായി പുതിയ സിവിൽ കോടതി ബിൽ പാസാക്കിയ ഇന്ത്യൻ സംസ്ഥാനം

**ബീഹാർ**

  - 1887-ലെ പഴയ ബ്രിട്ടീഷ് നിയമത്തിന് പകരമായി, ബിഹാർ നിയമസഭ 2026 ഫെബ്രുവരി യിൽ 'ബീഹാർ സിവിൽ ന്യായാലയ് ബിൽ, 2026' ഏകകണ്ഠമായി പാസാക്കി.

- വനിതകൾ മാത്രം ഓടിക്കുന്ന ഇലക്ട്രിക് ഇരുചക്ര ടാക്സി പദ്ധതിയായ ഇ ബൈക്ക് ദീദി യോജന ആരംഭിക്കുന്ന സംസ്ഥാനം /കേന്ദ്രഭരണ പ്രദേശം

**ഡൽഹി**

- വനിതാ വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായ യാത്ര ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതി ആരംഭിക്കുന്നത്
  - ഇത് വനിതകൾക്ക് മാത്രമായുള്ള സർവീസ് ആണ്. പുരുഷന്മാർ ബുക്ക് ചെയ്താൽ ഈ സേവനം ലഭ്യമാകില്ല.
  - ഡൽഹി ടൂറിസം ആൻഡ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് കോർപറേഷനും കേന്ദ്ര സഹകരണ വകുപ്പിന് കീഴിൽ ആരംഭിച്ച ഭാരത് ടാക്സിയും തമ്മിൽ ഒപ്പുവെച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് സർവീസ് തുടങ്ങുന്നത്.

- പ്രചണ്ഡ് യുദ്ധ ഹെലികോപ്റ്ററിൽ സഹ പൈലറ്റായി രാഷ്ട്രപതി
  - അത്യാധുനിക യുദ്ധ ഹെലികോപ്റ്ററിൽ സഹപൈലറ്റാകുന്ന ആദ്യ ഇന്ത്യൻ രാഷ്ട്രപതിയാണ് ദ്രൗപദി മുർമു
  - പൊഖ്റാൻ ഫയറിംഗ് റേഞ്ചിൽ നടക്കുന്ന ഇന്ത്യൻ വ്യോമസേനയുടെ സൈനികാഭ്യാസമായ 'വായുശക്തി 2026' ൽ പങ്കെടുക്കുന്നതിന്റെ ഭാഗമായാണ് രാഷ്ട്രപതി ഈ യാത്ര നടത്തിയത്.
  - ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആദ്യ അറ്റാക്ക് ഹെലികോപ്റ്ററാണ് 'പ്രചണ്ഡ്'.
  - ഇതിനുമുമ്പ് സുഖോയ് 30 MKI (2023-ൽ), റഫാൽ (2025-ൽ) എന്നീ യുദ്ധവിമാനങ്ങളിലും ദ്രൗപദി മുർമ്മു സഞ്ചരിച്ചിട്ടുണ്ട്

- ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഡാർക്ക് സ്കൈ പാർക്ക് നിലവിൽ വന്ന സംസ്ഥാനം

**തമിഴ്നാട്**

  - തമിഴ്നാട്ടിലെ നാമക്കൽ ജില്ലയിലുള്ള കൊല്ലിമലയിലെ അരിയൂർ ഷോലെ റിസർവ് വനത്തി ലാണ് ദക്ഷിണേന്ത്യയിലെ ആദ്യത്തെ ഡാർക്ക് സ്കൈ പാർക്ക് തുറന്നിരിക്കുന്നത്.
  - ഇന്റർനാഷണൽ ഡാർക്ക് സ്കൈ അസോസിയേഷന്റെ അംഗീകാരം ലഭിച്ച ഇന്ത്യയിലെ ആദ്യത്തെ ഡാർക്ക് സ്കൈ പാർക്ക് - **മഹാരാഷ്ട്രയിലെ പെഞ്ച് ടൈഗർ റിസർവ്**
  - ഇന്ത്യയിലെ ആദ്യത്തെ ഡാർക്ക് സ്കൈ റിസർവ് ആയി പ്രഖ്യാപിക്കപ്പെട്ടത് - **ലഡാക്കിലെ ഹാൻലെ**

## International

- ഇൻസ്റ്റഗ്രാമിൽ 10 കോടി (100 മില്യൺ) ഫോളോവേഴ്സിനെ നേടുന്ന ലോകത്തിലെ ആദ്യത്തെ രാഷ്ട്രീയ നേതാവ്

**നരേന്ദ്ര മോദി**

  - ഇൻസ്റ്റഗ്രാമിൽ ഏറ്റവും കൂടുതൽ ഫോളോവേഴ്സ് ഉള്ളവരിൽ മോദി ഒന്നാമതും അമേരിക്കൻ പ്രസിഡന്റ് ട്രംപ് രണ്ടാമതും ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബാവോ സുബിയാന്റോ മൂന്നാമതുമാണ്

- അടുത്തിടെ ഓപ്പറേഷൻ ഗസബ് ലിൽ-ഹഖ് എന്ന സൈനീക നീക്കം നടത്തിയ രാജ്യം

  **പാകിസ്ഥാൻ**

  - അതിർത്തിയിൽ അഫ്ഗാൻ സേന നടത്തിയ ആക്രമണങ്ങൾക്ക് മറുപടിയായാണ് പാകിസ്ഥാൻ ഈ സൈനിക നീക്കം ആരംഭിച്ചത്. 'നീതിയുക്തമായ കോപം' എന്നാണ് ഈ പേരിനർത്ഥം.
  - ഡ്യൂറൻഡ് ലൈൻ (Durand Line) എന്നറിയപ്പെടുന്ന, ഇരു രാജ്യങ്ങളും തമ്മിലുള്ള അതിർത്തി മേഖലയിലെ നിരന്തരമായ ഏറ്റുമുട്ടലുകളാണ് തുറന്ന യുദ്ധത്തിലേക്ക് വഴിതെളിച്ചത്,

## Demise

- 2026 ഫെബ്രുവരിയിൽ അന്തരിച്ച സാമൂഹിക ശാസ്ത്രജ്ഞൻ

  **ടി. കെ. ഉമ്മൻ**

  - മുസ്ലിം വിഭാഗങ്ങളുടെ സാമൂഹിക അവസ്ഥയെക്കുറിച്ചു പഠിച്ച സച്ചാർ കമ്മിറ്റിയിൽ അംഗമായിരുന്നു
  - ഇന്റർനാഷണൽ സോഷ്യോളജിക്കൽ അസോസിയേഷന്റെ (International Sociological Association - ISA) 12-ാമത് പ്രസിഡന്റായി (1990-1994) അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ഈ പദവിയിലെത്തുന്ന ആദ്യത്തെ ഏഷ്യക്കാരനാണ് അദ്ദേഹം.
  - 2008-ൽ രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചു
  - ആത്മകഥ 'ഫ്രം ഭാരത് ടു ഇന്ത്യ: ആൻ അക്കാദമിക്സ് ജേർണി'

  **പ്രധാന പുസ്തകങ്ങൾ**

  - ഡോക്ടേഴ്സ്, നഴ്സസ് - എ സ്റ്റഡി ഇൻ ഒക്യുപ്പേഷണൽ റോൾ സ്ട്രക്ചേഴ്സ്
  - പ്രൊട്ടസ്റ്റ് ആൻഡ് ചേഞ്ച് - സ്റ്റഡീസ് ഇൻ സോഷ്യൽ മൂവ്മെന്റ്സ്
  - സിറ്റിസൺഷിപ്പ് ആൻഡ് നാഷണൽ ഐഡന്റിറ്റി
  - ദ ക്രിസ്ത്യൻ ക്ലർജി ഇൻ ഇന്ത്യ
  - റീ കൺസീലിയേഷൻ ഇൻ പോസ്റ്റ് ഗോധ്ര ഗുജറാത്ത്
  - സോഷ്യൽ ഇൻക്ലൂഷൻ ഇൻ ഇൻഡിപെൻഡന്റ് ഇന്ത്യ - ഡൈമൻഷൻസ് ആൻഡ് അപ്രോച്ചസ്

## Today's MCQ

1. റോബ് ജെറ്റൻ ഏത് രാജ്യത്തിന്റെ പ്രധാനമന്ത്രിയായാണ് നിയമിതനായത് ?

   (a) നെതർലൻഡ്സ് (b) ഫിൻലന്റ്

   (c) നോർവെ (d) ഡെൻമാർക്ക്

2. ഇന്ത്യയിലെ ഏറ്റവും വലിയ സംയോജിത ലിഥിയം അയൺ ബാറ്ററി ഗിഗാഫാക്ടറി നിലവിൽ വരുന്നത്

   (a) മധ്യപ്രദേശ് (b) ഉത്തർപ്രദേശ്

   (c) ആന്ധ്രപ്രദേശ് (d) ജാർഖണ്ഡ്

**Ans : 1. (a), 2. (c)**